10.09.2026
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy
www.sdwaninews.com

www.sdwaninews.com
# സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Vol. 27
Issue 17

# പശ്ചിമബംഗാളിൽ ക്രൈസ്തവ പ്രാർത്ഥനകൾക്ക് നേരെ ആക്രമണം വർദ്ധിക്കുന്നു

**കൊൽക്കത്ത:** പശ്ചിമ ബംഗാളിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവരുടെ പ്രാർത്ഥനാ യോഗങ്ങൾക്കും മതപരമായ ചടങ്ങുകൾക്കും നേരെ ആൾക്കൂട്ട ആക്രമണങ്ങൾ വർധിക്കുന്നതായി ദി ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തു. ആക്രമണങ്ങളെ തുടർന്ന് ചില പ്രദേശങ്ങളിൽ ക്രൈസ്തവ കൂട്ടായ്മകൾ വീടുകളിലെ പ്രാർത്ഥനകളും വിശ്വാസികളുടെ സന്ദർശനങ്ങളും താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.




ഹൗറയിലെ ഉലുബേറിയയിൽ കഴിഞ്ഞ ഞായറാഴ്ച പ്രാർത്ഥന നടക്കുന്നതിനിടെ ഒരു സംഘം ആളുകൾ വീടിനുള്ളിൽ അതിക്രമിച്ച് കയറി വിശ്വാസികളെ മർദിക്കുകയും ഫർണിച്ചറുകളും ശബ്ദ സംവിധാനങ്ങളും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തതായി പാസ്റ്റർ മിഥുൻ ഹസ്ര ആരോപിച്ചു. 'നിർബന്ധിത മതപരിവർത്തനം' ആരോപിച്ചാണ് ആക്രമണം.

പുർബ ബർധമാൻ ജില്ലയിലെ സഹാനഗറിൽ ശവസംസ്കാര ചടങ്ങിനിടെയും സംഘർഷമുണ്ടായതായി റിപ്പോർട്ടുണ്ട്. കല്ലറയുടെ രേഖകൾ ആവശ്യപ്പെട്ട സംഘം സംസ്കാരം തടസ്സപ്പെടുത്തുകയും, മൃതദേഹം കല്ലറയിൽ ഇറക്കിയശേഷം പുറത്തെടുക്കുകയും ചെയ്തതായി ഇടവക വികാരി ആരോപിച്ചു. പിന്നീട് മൃതദേഹം മറ്റൊരു സെമിത്തേരിയിലേക്ക് മാറ്റേണ്ടിവന്നു.

ഹൗറ, പുർബ മേദിനിപൂർ, തുടങ്ങിയ ജില്ലകളിലും സമാന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മതപരിവർത്തനം സംബന്ധിച്ച പരാതികൾ നിയമപരമായി പരിശോധിക്കണമെന്നും നിയമം കൈയിലെടുക്കാൻ ആരെയും അനുവദിക്കില്ലെന്നും സംസ്ഥാന സർക്കാർ വ്യക്തമാക്കി. സംഭവം മതസ്വാതന്ത്ര്യത്തിന്റെയും ന്യൂനപക്ഷങ്ങളുടെ സുരക്ഷയുടെയും കാര്യത്തിൽ ഗൗരവമായ ആശങ്കകൾ ഉയർത്തുകയാണ്.

ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ അധികാരമേറ്റ ശേഷമാണ് നിർബന്ധിത മതപരിവർത്തനം ആരോപിച്ച് ആരാധനാലയങ്ങൾക്കും പ്രാർത്ഥനാ യോഗങ്ങൾക്കും നേരെ അക്രമണങ്ങൾ നടക്കുന്നത്. എന്നാൽ ക്രൈസ്തവ സംഘടനകൾ നിർബന്ധിത മതപരിവർത്തനം നടത്തുന്നില്ലെന്നും തങ്ങളുടെ ഭരണഘടനാപരമായ മതസ്വാതന്ത്ര്യത്തിന്റെ ഭാഗമായി നടക്കുന്ന പ്രാർത്ഥനകൾ മാത്രമാണ് ഇതെന്നും സഭാനേതൃത്വം അറിയിച്ചു.

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ

**തിരുവല്ല:** പെന്തെക്കോസ്ത് സഭകളുടെ ജനറൽ കൺവൻഷനുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ ഡിസംബർ 2-6 വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ നടക്കും. ക്രമീകരണങ്ങളുടെ ഭാഗമായി വിവിധ കമ്മറ്റികളെ തിരഞ്ഞെടുത്തു. പ്രയർ: പാസ്റ്റർ ജോമോൻ ജെ, പാസ്റ്റർ ഷാജി പാപ്പച്ചൻ, പബ്ലിസിറ്റി: പാസ്റ്റർ റെജി പി. സാമുവേൽ, പാസ്റ്റർ രാജീവ് ജി, പാസ്റ്റർ ജെ.പി. വെണ്ണിക്കുളം, ഫിനാൻസ്: പാസ്റ്റർ ജോർജ് വർഗീസ്, ബ്രദർ ജേക്കബ് വർഗീസ്, പാസ്റ്റർ ജേക്കബ് ജോർജ്, അറേഞ്ച്മെൻറ്സ് : പാസ്റ്റർ സാംസൺ പി. തോമസ്, പാസ്റ്റർ ജോസ് ജോർജ്, ഫുഡ്: പാസ്റ്റർ സാം ഫിലിപ്പ്, ബ്രദർ എബ്രഹാം വർഗീസ്, മ്യൂസിക്: പാസ്റ്റർ ഫിന്നി ജേക്കബ്, പാസ്റ്റർ സാബു ഫിലിപ്പ്, ലൈറ്റ് & സൗണ്ട് : പാസ്റ്റർ ജോജു തോമസ്, പാസ്റ്റർ ബ്രിജി വർഗീസ്, അക്കോമോഡേഷൻ: പാസ്റ്റർ പി.എ. അനിയൻ, പാസ്റ്റർ ജോസ് ജോർജ് കല്ലട, വിജിലൻസ് & മെഡിക്കൽ: പാസ്റ്റർ സജു മാവേലിക്കര, പാസ്റ്റർ റ്റി.വി. ജോൺസൻ, വോളന്റിയേഴ്സ് : പാസ്റ്റർ എം.ജി. മോനച്ചൻ, പാസ്റ്റർ അനീഷ് ജോർജ്, പാസ്റ്റർ ജോസ് പൊടികുഞ്ഞ്, തിരുമേശ: പാസ്റ്റർ എബ്രഹാം കുര്യാക്കോസ്, പാസ്റ്റർ റ്റി.എം. ഫിലിപ്പ്.

# മതപരിവർത്തന നിരോധന നിയമം പിൻവലിച്ച് ഗോവ സർക്കാർ

**പനാജി (ഗോവ):** ശക്തമായ പ്രതിഷേധം ഉയർന്നതിനെ തുടർന്ന് മതപരിവർത്തന നിരോധന ബില്ലിൽനിന്നും പിന്തിരിഞ്ഞ് ഗോവൻ സർക്കാർ. ഗോവ മന്ത്രിസഭ ബില്ലിന് അംഗീകാരം നൽകി ദിവസങ്ങൾക്കുള്ളിലാണ് ഈ നാടകീയ മാറ്റം നടന്നത്. ബില്ലിനെതിരെ ഗോവയിലെ കത്തോലിക്ക സഭയും പ്രതിപക്ഷവും ശക്തമായ പ്രതിഷേധമാണ് ഉയർത്തിയത്. ഭരണ

>>6

# വി.എം മാത്യു അവാർഡ് ഷാജി മാറാനാഥയ്ക്കും റവ. സണ്ണി താഴാംപള്ളത്തിനും




**അങ്കമാലി:** ഗുഡ്ന്യൂസ് സ്ഥാപക ചെയർമാൻ വി.എം മാത്യു സാറിന്റെ പേരിൽ ക്രൈസ്തവചിന്ത ഏർപ്പെടുത്തിയിട്ടുള്ള 2025-26 ലെ മാധ്യമ പുരസ്കാരത്തിന് മാറാനാഥ വോയ്സ് മാനേജിംഗ് എഡിറ്റർ ഷാജി മാറാനാഥയെയും റവ.സണ്ണി താഴാംപള്ളത്തിനെ ചാരിറ്റി പുരസ്കാരത്തിനും തെരഞ്ഞെടുത്തു.

ഡൽഹി ഹാർവെസ്റ്റ് മിഷൻ ഡയറക്ടർ റവ. ബാബു ജോൺ, ക്രൈസ്തവചിന്ത എഡിറ്റർ വർഗീസ് ചാക്കോ ഷാർജ, ഫിന്നി കോരഡാളസ് എന്നിവരടങ്ങുന്ന സമിതിയാണ് അവാർഡ് ജേതാക്കളെ കണ്ടെത്തിയത്. ജനുവരിയിൽ തിരുവല്ലയിൽ നടക്കുന്ന സമ്മേളനത്തിൽ അവാർഡുകൾ സമ്മാനിക്കും.

മാധ്യമ പുരസ്കാരത്തിന് അർഹനായ ഷാജി മാറാനാഥ, കൊട്ടാരക്കര തൃക്കണ്ണമംഗൽ വെട്ടിക്കൽ സന്തോഷ് ഭവനിൽ എം.തങ്കച്ചൻ-ലീലാമ്മ തങ്കച്ചൻ ദമ്പതികളുടെപുത്രനാണ്. കഴിഞ്ഞ 27 വർഷമായി പ്രിന്റ്, വിഷ്വൽ മീഡിയ രംഗത്ത് പ്രവർത്തിച്ച് വരുന്നു. നിലവിൽ, തമ്പി തോമസ് ചിക്കാഗോ നേതൃത്വം നൽകുന്ന മാറാനാഥ വോയ്സിന്റെ മാനേജിംഗ് എഡിറ്ററും ഹാർവെസ്റ്റ് ടി.വിയുടെ എക്സിക്യൂട്ടീവ് എഡിറ്ററും വാർത്താവതാരകനുമാണ്. ക്രൈസ്തവ മാധ്യമങ്ങളിൽ തുടർച്ചയായി എഴുതി വരുന്നു. വിവിധ ക്രൈസ്തവ സംഘടനകളുടേയും സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തനങ്ങളുടേയും ഭാഗമാണ്. തിരുവനന്തപുരം വേഡ് ടു വേൾഡ് ടെലിവിഷനിൽ പ്രോഗ്രാം പ്രൊഡ്യൂസറായും, കേരളാ എക്സ്പ്രസിൽ കോളമിസ്റ്റായും പ്രവർത്തിച്ചിരുന്നു. ചെറുപ്പകാലം മുതൽ ക്രൈസ്തവ സംഗീത ശുശ്രൂഷയുടെ ഭാഗമായിരിക്കുന്ന അദ്ദേഹം നൂറിലധികം ആൽബങ്ങളിൽ പാടിയിട്ടുണ്ട്. ഐപിസി ഗ്ലോബെൽ മീഡിയ അസോസിയേഷന്റെ പ്രഥമ വിഷ്വൽ മീഡിയ പുരസ്കാരം, ഇന്ത്യൻ ചർച്ച് കൗൺസിലിന്റെ മീഡിയ പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്. ഭാര്യ: ആശ ഫിലിപ്പ് (ലേബർ കോർട്ട്, പാലക്കാട്). മകൻ ആഷേർ ടി. സജിമോൻ.

തിരുവല്ല താഴാംപള്ളത്ത് റ്റി.വി. ജോസഫ് സാറാമ്മ ജോസഫ് ദമ്പതികളുടെ മൂന്നാമത്തെ മകനായ സണ്ണി താഴാംപള്ളം 45 വർഷമായി അമേരിക്കയിൽ താമസിക്കുന്നു. മികച്ച ഒരു ബിസിനസ്സുകാരനായിരുന്നു. ഒപ്പം സുവിശേഷ പ്രവർത്തനങ്ങളിലും വ്യാപൃതനാണ്.

# ക്രൈസ്തവ സാഹിത്യ അക്കാദമി അവാർഡുകൾ പ്രഖ്യാപിച്ചു





**കോട്ടയം:** ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ 2025 വർഷത്തെ അവാർഡുകൾ പ്രഖ്യാപിച്ചു. ക്രൈസ്തവ സാഹിത്യരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള വില്യം കേറി അവാർഡിന് ഡോ. തോംസൺ കെ. മാത്യുവും, കെ.വി. സൈമൺ സാർ സാഹിത്യ അവാർഡിന് ഡോ. ബാബു കെ. വർഗീസും, മിഷനറി വി. നാഗൽ കീർത്തന സാഹിത്യ അവാർഡിന് ഇവാ. വിൽസൺ ചേന്നനാട്ടിലും അർഹരായി.

വില്യം കേറി അവാർഡ് ജേതാവായ ഡോ. തോംസൺ കെ. മാത്യു കേരള സർവകലാശാലയിൽ നിന്ന് ബി.എസ്.സി., യൂണിവേഴ്സിറ്റി ഡിവിനിറ്റി സ്കൂളിൽ നിന്ന് എം.ഡിവ്., എസ്.ടി.എം., ഓറൽ റോബർട്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡി.മിൻ., ഒക്ക്ലഹോമ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡി.ഡി. എന്നീ ബിരുദങ്ങൾ നേടിയിട്ടുണ്ട്.

ഓറൽ റോബർട്സ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് തിയോളജി ആൻഡ്മിനിസ്ട്രിയിൽ ദീർഘകാലം പ്രൊഫസറായും ഡീനായും സേവനമനുഷ്ഠിച്ച ഡോ. തോംസൺ കെ. മാത്യു, പാസ്റ്ററൽ കെയർ, ആത്മീയ നേതൃത്വം, സഭാശുശ്രൂഷ തുടങ്ങിയ മേഖലകളിൽ അധ്യാപകനായും എഴുത്തുകാരനായും അന്തർദേശീയ തലത്തിൽ പ്രവർത്തിച്ചുവരുന്നു.

ചരിത്രകാരൻ, പത്രപ്രവർത്തകൻ, പ്രഭാഷകൻ, ഗ്രന്ഥകാരൻ എന്നീ നിലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള ഡോ. ബാബു കെ. വർഗീസ് ഇംഗ്ലീഷിലും മലയാളത്തിലുമായി 30-ലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഭാരതത്തിന്റെ സമഗ്ര വികസനത്തിൽ ക്രൈസ്തവ മിഷണറിമാർ നൽകിയ മഹത്തായ സംഭാവനകൾ വിവരിക്കുന്ന ''ആധുനിക ഭാരതം: ബൈബിളിന്റെ സൃഷ്ടി'' എന്ന ഗ്രന്ഥം ഏറെ ശ്രദ്ധേയമാണ്.

ഡോ. ബാബു കെ. വർഗീസ് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും ഫൊണറ്റിക്സ്, ഇന്ത്യൻ ഭാഷകൾ, ബിസിനസ് അഡ്മിനിസ്ട്രേഷൻ, ജേർണലിസം, പബ്ലിക് റിലേഷൻസ് തുടങ്ങിയ വിഷയങ്ങളിൽ പി.ജി. ഡിപ്ലോമകളും ഭാഷാശാസ്ത്രത്തിൽ പി.എച്ച്.ഡിയും നേടിയിട്ടുണ്ട്. ദീർഘകാലമായി മുംബൈ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

അരനൂറ്റാണ്ടായി ക്രൈസ്തവ സംഗീതരംഗത്ത് സജീവ സാന്നിധ്യമായ ഇവാ. വിൽസൺ ചേന്നനാട്ടിൽ ചെങ്ങന്നൂർ സ്വദേശിയാണ്. ''സീയോൻ യാത്രയതിൽ മനമേ'', ''ഇത്രത്തോളം ജയം തന്ന'', ''നിൻ ദാനം ഞാൻ അനുഭവിച്ചു'', ''ഉണർവിൻ വരം ലഭിപ്പാൻ'', ''കഷ്ടങ്ങൾ സാരമില്ല'' തുടങ്ങിയ 350-ലധികം ഗാനങ്ങൾക്ക് രചനയും സംഗീതവും നിർവഹിച്ചിട്ടുണ്ട്.

അക്കാദമിയുടെ അവാർഡ് നിർണയ യോഗത്തിൽ പ്രസിഡന്റ് ടോണി ഡി. ചെവ്വൂക്കാരൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട്, രക്ഷാധികാരി ഇവാ. ജെ. സി. ദേവ്, വൈസ് പ്രസിഡന്റ് പാസ്റ്റർ ബാബു ജോർജ് പത്തനാപുരം, ട്രഷറർ ലിജോ വർഗീസ് പാലമറ്റം, പ്രോഗ്രാം കൺവീനർ ഷാജി മാറനാഥാ, മീഡിയ കൺവീനർ സാം കൊണ്ടാഴി എന്നിവർ അവാർഡ് നിർണയ ജൂറി അംഗങ്ങളായിരുന്നു. നവംബറിൽ അങ്കമാലിയിൽ നടക്കുന്ന അക്കാദമിയുടെ 38 മത് വാർഷിക സമ്മേളനത്തിൽ അവാർഡുകൾ സമ്മാനിക്കും.

**സാം കൊണ്ടാഴി**
മീഡിയ കൺവീനർ

## സുവിശേഷത്തിന്റെ സമാന്തര രേഖകൾ

▪ അദ്ധ്യായം 40 ▪

# മേനോനും കുറുപ്പും പിന്നെ കുറെ പെന്തകോസ്ത് വിശ്വാസികളും...!



സജി പീച്ചി

പെന്തകോസ്ത് സഭയ്ക്ക് ഒട്ടനവധി വിമർശനങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. ആർക്കും എന്തും അവർക്കെതിരെ പറയുകയോ, പ്രവർത്തിക്കയോ എഴുതുകയോ ആരോപിക്കയോ ചെയ്യാം. അന്യായ ആരോപണങ്ങളുന്നയിച്ച് അവരുടെ തലയിൽ കയറി വിമർശിക്കുകയും കർത്തൃ ദാസന്മാരെ തല്ലി ചതച്ച് ആരാധനാലയങ്ങൾ തകർക്കുകയും ചെയ്യാം. പരസ്യമായി കുറ്റം പറകയോ വിമർശിക്കയോ ചെയ്യാം.

ചോദിക്കാനോ പറയാനോ ആരുമില്ല എന്ന കാരണത്താലാണ് ഇവരെല്ലാം ഇതിനെല്ലാം മുതിരുന്നത്. ഒരു കാലഘട്ടം വരെ പൊതുവെ പ്രതികരണശേഷിയും പ്രതികാര ബുദ്ധിയുമില്ലാത്തവരുമായിട്ടാണ് പൊതു സമൂഹം പെന്തകോസ്ത് വിശ്വാസികളെ കണ്ടിരുന്നത്. ഇതെല്ലാം എതിരാളികൾക്ക് അവരെ ആക്രമിക്കുന്നതിന് ഏറെ സഹായകരമായി. ഈ ചിന്താഗതിയ്ക്ക് ഇപ്പോൾ ഒരു പരിധി വരെ അൽപ്പം മാറ്റം വന്നു തുടങ്ങിയിട്ടുണ്ട്. അടിച്ചാൽ തിരിച്ചടിക്കാനും വിമർശിച്ചാൽ പ്രതികരിക്കാനും കഴിവുള്ള ചിലരൊക്കെ പെന്തകോസ്ത് സഭയിലുമുണ്ടെന്നത് കഴിഞ്ഞ ദിവസം ഒരു കർത്തൃ ദാസനും പറഞ്ഞു വച്ചു.

അതിൽ അൽപ്പം കഴമ്പ് ഇല്ലാതില്ല. ആരെവിടെ തുമ്മിയാലും അതിന്റെയെല്ലാം കുറ്റം പെന്തകോസ്ത്കാരുടെ മേൽ ചാർത്തുന്ന ഒരു പ്രവണത പൊതുവെ നിലനിൽക്കുന്നുണ്ട്. ഈ സമ്പ്രദായം പണ്ട് മുതലേയുള്ളതാണ്. എന്ത് കോപ്രായങ്ങൾ ആരെവിടെ കാണിച്ചാലും അതൊക്കെ പെന്തകോസ്ത് പാസ്റ്റർ ആണെന്ന് വരുത്തി തീർത്ത് വ്യാജ വാർത്ത സൃഷ്ടിക്കുന്ന മാപ്രാകളും നമ്മുടെ രാജ്യത്തുണ്ട്. സെക്കുലർ പത്രങ്ങൾ അവയ്ക്ക് പൊടിപ്പും തൊങ്ങലും വച്ച് പ്രസിദ്ധീകരിച്ച് സായൂജ്യമടയുകയാണ് പതിവ്. എല്ലാ കുറ്റങ്ങളും ആരോപിക്കാനും മാലിന്യങ്ങൾ നിക്ഷേപിക്കാനുമുള്ള കുപ്പ തൊട്ടിയായാണ് അത്തരക്കാർ പെന്തകോസ്ത് സഭയെ വിലയിരുത്തുന്നത്. അതെത്രത്തോളം വസ്തുതകൾക്ക് നിരക്കുന്നതാണെന്ന് സ്വയം വിലയിരുത്തുന്നതിന് അവർ തയ്യാറാകണം.

എന്നാൽ പെന്തകോസ്ത് സഭയിലുള്ള ചിലർ മാധ്യമ പ്രവർത്തന രംഗത്ത് ശക്തമായതോടെ അത്തരം ചിന്താഗതികൾക്ക് സമൂല മാറ്റം വന്നിട്ടുണ്ട് ഏതൊരു പ്രസ്ഥാനത്തിലുമുള്ളത് പോലെ പെന്തകോസ്തിലും സ്വന്തം തട്ടകത്തിൽ നിലയുറപ്പിക്കുമ്പോഴും ഊട്ടി വളർത്തിയ പ്രസ്ഥാനത്തെ ഒറ്റു കൊടുക്കുന്ന യൂദാസുമാരുണ്ടെന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്. ചെറിയ പ്രശ്നങ്ങൾ പൊതു വേദികളിൽ കൊണ്ട് വന്ന് ബലൂൺ കണക്കെ വീർപ്പിച്ച് വിഴുപ്പലക്കുന്നവരും നമ്മുടെയിടയിലുണ്ട്. സമാന രീതിയിലുള്ള ആത്മീയ പ്രസ്ഥാനങ്ങളുടെ അന്തർമന്ദിരങ്ങളിൽ ഇതിനേക്കാൾ തീവ്രവും ക്രൂരവും പൈശാചികവുമായ സംഗതികൾ അരങ്ങേറിയാലും ഒരു ചെവിക്ക് ഇരുചെവി അറിയാതെ അവ കെട്ടടങ്ങുന്നുവെന്നതും ചിന്തനീയമായ സംഗതിയത്രേ.

പെന്തകോസ്തിന്റെ ആശയങ്ങൾക്കോ നിലപാടിനോ നാളിതുവരെ യാതൊരു വ്യത്യസ്തതകളോ വ്യതിചലനമോ ഉണ്ടായിട്ടില്ല. കഴിഞ്ഞ ചില ദിവസങ്ങൾ ടി വി ചാനലുകളിൽ നിറഞ്ഞു നിന്നത് മേനോൻമാരായിരുന്നു. ജോൺ മേനോൻ, ദാമോദര മേനോൻ സുകുമാരക്കുറുപ്പ് ഇവരുമായി ബന്ധപ്പെട്ട ചർച്ചകളും ആശയ സംവാദങ്ങളും അരങ്ങേറി. ബ്രൂണെയിലെ ജോൺ മേനോൻ സുകുമാരക്കുറുപ്പാണെന്നായിരുന്നു പ്രാരംഭ നിഗമനം. പിന്നീടുള്ള അന്വേഷണത്തിൽ പ്രചരിച്ച വാർത്തയും ചിത്രവും പാസ്പോർട്ടും ഒരു ദാമോദര മേനോന്റേതാണെന്നും കണ്ടെത്തി, ഒടുവിൽ അതൊന്നും സുകുമാരക്കുറുപ്പ് എന്ന വിദ്വാൻ അല്ലെന്നും വാർത്ത വന്നു.

സുകുമാരകുറുപ്പ് പെന്തകോസ്തിൽ ചേർന്ന് ജോൺ മേനോനായി





അവതരിച്ചുവെന്നതാണ് ഇതിലെല്ലാം ഏറെ രസകരമായി തോന്നിയ ഒരു കണ്ടെത്തൽ. പെന്തകോസ്ത് സഭയിൽ ചിലർ മാനസാന്തരപ്പെട്ടും ചിലർ മാനസാന്തരപ്പെടാതെയുമുണ്ടെന്നുള്ള വസ്തുത യാഥാർഥ്യമാണ്. എന്നാൽ സകല തസ്ക്കരന്മാരും വിഹരിക്കുന്നത് പെന്തകോസ്തിലാണെന്നുള്ള നിഗമനം തീർത്തും തെറ്റാണ്.

ചില വാർത്താ ചാനലുകാർ റേറ്റിംഗ് കിട്ടുന്നതിന് വേണ്ടി സുകുമാരക്കുറുപ്പിനെ വെളിയിൽ കൊണ്ടു വരാൻ കണ്ണിൽ എണ്ണയൊഴിച്ച് ദിവസങ്ങൾ കാത്തിരുന്നു. പക്ഷെ ഫലം നാസ്തി. കുറുപ്പ് ജീവനോടെയുണ്ടോ അതോ മരണപ്പെട്ടോ, ഒളിവിലാണോ, വിദേശ രാജ്യങ്ങളിലേക്ക് കടന്നു കളഞ്ഞോ എന്നൊന്നും ആർക്കും വ്യക്തമല്ലാതിരിക്കെ എന്തിന് വേണ്ടിയായിരുന്നു ഇദ്ദേഹം പെന്തകോസ്ത് സഭയിലേക്ക് മതം മാറി വന്നെന്നുള്ള വാർത്ത പ്രചരിപ്പിച്ചതെന്ന് മനസ്സിലാകുന്നില്ല.

ഉദ്ദേശം ഇത്രയേയുള്ളൂ. പെന്തകോസ്ത് സഭയുടെ പ്രതിശ്ചായക്ക് മങ്ങൽ ഏൽപ്പിക്കണം. പക്ഷെ അതൊന്നും വിലപ്പോയില്ലെന്നു മാത്രമല്ല മങ്ങലേൽപ്പിക്കാൻ വന്നവരുടെ പ്രതിശ്ചായ എത്രത്തോളമുണ്ടെന്ന് ജനം വിലയിരുത്തുകയും ചെയ്തു. ഏതു സഭയിലുമെന്ന പോലെ പെന്തകോസ്ത് സഭയിലും വ്യാജന്മാരുണ്ടെന്നത് ഒരു പരിധി വരെ സമ്മതിക്കുന്നു. പക്ഷെ പെന്തകോസ്ത് സഭയുടെ ആശയങ്ങൾ ഉയർത്തിപ്പിടിച്ച് വിശുദ്ധിക്കും വേർപാടിനും വേണ്ടി നിലനിൽക്കുന്നവരാണ് അധിക പങ്കുമെന്നുള്ളത് പച്ചയായ യാഥാർഥ്യമാണ്.

ആയിരം തേൻ തുള്ളിയിൽ ഒരു മീൻ തുള്ളി വീണാൽ തേൻ മൊത്തം അശുദ്ധമാകുന്നത് പോലെയും ചത്ത ഈച്ച തൈലക്കാരന്റെ തൈലം അശുദ്ധമാക്കുന്നത് പോലെയും അത്തരക്കാരാണ് സഭയ്ക്കെന്നും ശാപമായിട്ടുള്ളത്. എന്ന് കരുതി പ്രപഞ്ചത്തിലെ സകല അശുദ്ധിയുടെയും കുത്തകാവകാശം പെന്തകോസ്ത് സഭയുടെമേൽ ചാർത്തി പ്രതിശ്ചായ കെടുത്താൻ മുതിരുന്നത് സഭയോട് കാട്ടുന്ന കൊടും പാതകവും അതിക്രമവും അനീതിയുമാണ്...

www.sdpathram.com

സ്വർഗ്ഗീയധ്വനി
ക്രിസ്തീയ പത്രം

| | | |
|---|---|---|
| Chairman | : | James T. Samuel |
| Managing Editor | : | Joy Thumpamon |
| Chief Editor | : | Finny P. Mathew |
| Editorial Director | : | Oommen Ebenezer |
| General Editor | : | Pr. Sam T. Mukhathala |
| Circulation Manager | : | K. C. Jacob |
| Overseas Editors | : | Sunny Thazhampallom |
| | | Sheenamol Joseph |
| General Coordinator | : | Pr. Binu Cheriyan |
| Coordinators | : | George Samuel |
| | : | Jose K. Varghese |
| | : | Anu Samuel |
| | : | Pr. Sajan Easo Plachery |





റവ. ഡോ. സിനോജ് ജോർജ്ജ്



# സ്ത്രീയും സഭാ ശുശ്രൂഷയും

ചില ദിവസങ്ങൾക്ക് മുൻപ് വിദേശത്തുള്ള ഒരു അസംബ്ലീസ് ഓഫ് ഗോഡ് സഭ ഒരു സഹോദരിയെ പാസ്റ്ററായി ഓർഡയിൻ ചെയ്തു. അതുകൂടാതെ കഴിഞ്ഞ ദിവസം സി.എസ്.ഐ. സഭയിൽ രണ്ട് സഹോദരിമാരെ പുരോഹിതന്മാരായി വാഴ്ത്തി. ഇതേ തുടർന്ന് സാമൂഹ്യമാധ്യമങ്ങളിൽ വലിയ ചർച്ച നടക്കുകയാണല്ലോ. അതുമായി ബന്ധപ്പെട്ട് വചനാടിസ്ഥാനത്തിൽ ചില കാര്യങ്ങൾ വ്യക്തമാക്കാൻ താൽപര്യപ്പെടുന്നു.

ചർച്ചയിൽ സാധാരണയായി മൂന്ന് ചോദ്യങ്ങൾ ഉയരുന്നു:

1. സ്ത്രീകൾക്ക് സഭയിൽ ശുശ്രൂഷിക്കാമോ?
2. സ്ത്രീകളെ ദൈവം ഉപയോഗിക്കുമോ?
3. സ്ത്രീകൾക്ക് സഭയിലെ നേതൃത്വപരവും ഔദ്യോഗികവുമായ സ്ഥാനങ്ങൾ വഹിക്കാമോ?

ഈ മൂന്ന് ചോദ്യങ്ങളും ഒരുപോലെയല്ല എന്ന നിരീക്ഷണം ശരിയാണ്.

എന്നാൽ ആദ്യ രണ്ടുചോദ്യങ്ങൾക്ക് തിരുവെഴുത്ത് വ്യക്തമായി "അതെ" എന്ന് ഉത്തരം നൽകുമ്പോൾ, മൂന്നാമത്തെ ചോദ്യത്തിന് "ഇല്ല" എന്ന് പറയുന്നതിന് അത്രതന്നെ വ്യക്തമായ തിരുവെഴുത്തുപരമായ തെളിവ് (Biblical Evidence) ആവശ്യമാണ്.

ദൈവം തന്റെ ജനത്തെ പഠിപ്പിക്കാനും നയിക്കാനും പ്രവചിക്കാനും ആത്മീയ ഉത്തരവാദിത്വം വഹിക്കാനും സ്ത്രീകളെ നിയോഗിച്ചിട്ടുണ്ടോ? തിരുവെഴുത്തിന്റെ സമഗ്ര സാക്ഷ്യം (Canonical Witness) പരിശോധിക്കുമ്പോൾ അതിന് "ഉണ്ട്" എന്ന് പറയേണ്ടിവരും.

### സൃഷ്ടിയിൽ ഒരേ ദൈവസ്വരൂപം (Equal Image-Bearers in Creation)

ഈ വിഷയം തുടങ്ങേണ്ടത് 1 തിമൊഥെയൊസ് 2-ൽ അല്ല; ഉല്പത്തി 1-ൽ ആയിരിക്കണം. ഉല്പത്തി 1:27: "ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു... ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു." ഇവിടെ സ്ത്രീയും പുരുഷനും ഒരുപോലെ ദൈവസ്വരൂപ വാഹകർ (Image-Bearers) ആണ്.

തുടർന്ന് ഉല്പത്തി 1:28-ൽ ദൈവാനുഗ്രഹവും ഭൂമിയിലുള്ള ഉത്തരവാദിത്വവും ഇരുവർക്കും നൽകുന്നു. അതായത് ഭൂമിയെ ഭരിക്കാനുള്ള സൃഷ്ടി നിയമം (Creation Mandate) പുരുഷനു മാത്രം നൽകിയതല്ല. സ്ത്രീ പുരുഷന്റെ പിന്നാലെയുള്ള താഴ്ന്ന ഒരു സൃഷ്ടിയല്ല; ഇരുവരും ചേർന്നാണ് മനുഷ്യരാശി ദൈവ സ്വരൂപം പ്രകടിപ്പിക്കുന്നത്, പ്രകടിപ്പിക്കേണ്ടത്.

### സഹായി എന്നത് കീഴാളൻ എന്നല്ല (Helper Does Not Mean Inferior)

ഉല്പത്തി 2:18-ൽ സ്ത്രീയെക്കുറിച്ച് ഉപയോഗിക്കുന്ന എബ്രായ പദം: എസെർ കെനെഗ്ദോ (Ezer Kenegdo) എന്നതാണ്. "സഹായി" എന്ന മലയാള പരിഭാഷ ചിലപ്പോൾ താഴ്ന്ന സഹായിയുടെ ധാരണ നൽകാം. എന്നാൽ എസെർ (Ezer) എന്ന പദം പഴയനിയമത്തിൽ ദൈവത്തെ തന്നെ മനുഷ്യന്റെ "സഹായി" എന്ന് വിളിക്കാൻ ഉപയോഗിക്കുന്നു. അതിനാൽ സ്ത്രീയെ "സഹായി" എന്ന് വിളിക്കുന്നത് അവളുടെ താഴ്ന്ന സ്ഥാനം തെളിയിക്കുന്നില്ല. മറിച്ച് സത്രീ പുരുഷനോട് പൊരുത്തപ്പെടുന്ന, അവനോട് ഒപ്പം നിൽക്കുന്ന, അവനെ പൂർണ്ണനാക്കുന്ന പങ്കാളിയാണ്. പൂരകത്വം (Complementarity) എന്നത് കീഴാളത്തം (Subordination) എന്നല്ല.

### പുരുഷന്റെ ആധിപത്യം സൃഷ്ടിയുടെ നിയമമോ വീഴ്ചയുടെ ഫലമോ?

ഉല്പത്തി 3:16: "അവൻ നിന്നെ ഭരിക്കും." ഇത് ദൈവം സൃഷ്ടിയിൽ നൽകിയ ഒരു കല്പനയല്ല. ഇത് വീഴ്ചയുടെ പരിണിത ഫലമാണ് (Consequence of the Fall). അതിനാൽ പുരുഷാധിപത്യം (Male Domination) സൃഷ്ടിയുടെ ആദർശം (Creation Ideal) ആണെന്ന് ഈ വാക്യത്തിൽനിന്ന് തെളിയിക്കാനാവില്ല. ക്രിസ്തുവിലുള്ള വീണ്ടെടുപ്പിന്റെ പ്രവർത്തനം (Redemptive Work) വീഴ്ചയുടെ ബന്ധപരമായ വൈകൃതങ്ങളെ നിലനിർത്തുകയല്ല, മറിച്ച് അവയെ പരിഹരിക്കുകയാണ്.

### പഴയനിയമത്തിലെ സത്രീകൾ

മിര്യാം (Miriam): പുറപ്പാട് 15:20: "പ്രവാചകി മിര്യാം" എന്ന് വിളിക്കുന്നു. എന്നാൽ അതിലും ശ്രദ്ധേയമാണ് മീഖാ 6:4: "ഞാൻ മോശെയെയും അഹരോനെയും മിര്യാമിനെയും നിനക്കു മുമ്പായി അയച്ചു. ഇവിടെ മോശെ, അഹരോൻ, മിര്യാം എന്നിവർ ദൈവജനത്തിന്റെ ചരിത്രത്തിൽ ഒരുമിച്ച് പരാമർശിക്കപ്പെടുന്നു.

ദെബോരാ (Deborah): 'ലപ്പീദോത്തിന്റെ ഭാര്യയായ ദെബോരാ എന്ന പ്രവാചകി അക്കാലത്ത് യിസ്രായേലിന് ന്യായപാലനം ചെയ്തിരുന്നു." (ന്യായാധിപന്മാർ 4:4-5) ദെബോരാ ഒരു സാധാരണ ഭക്തസ്ത്രീ മാത്രമല്ല. അവർ പ്രവാചകി (Prophetess), ന്യായാധിപ (Judge), ദേശീയ നേതാവ് (National Leader) ഒക്കെ ആയിരുന്നു.

"യിസ്രായേൽമക്കൾ ന്യായവിധിക്കായി അവരുടെ അടുക്കൽ വന്നിരുന്നു." അതായത് പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടുന്ന ഉടമ്പടി സമൂഹത്തിന് (Covenant Community) അവർ നേതൃത്വം നൽകി. ദെബോരായെക്കുറിച്ചുള്ള പഠനങ്ങളും അവരെ യിസ്രായേലിന്റെ പ്രവാചകിയും ന്യായാധിപയുമായി ചിത്രീകരിക്കുകയും ജനങ്ങൾ അവരുടെ അടുക്കൽ വിധിക്കായി വന്നതായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

അവർ ബാരാക്കിനോട് ചോദിക്കുന്നു "യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിച്ചിട്ടില്ലയോ?" ന്യായാധിപന്മാർ 4:6. അവർ ദൈവത്തിന്റെ നിർദ്ദേശം ഒരു പുരുഷനോട് അധികാരപൂർവ്വം അറിയിക്കുന്നു (Authoritative Proclamation).

അതുകൊണ്ട് ഒരു സ്ത്രീ പുരുഷനോട് ആത്മീയ അധികാരത്തോടെ സംസാരിക്കുന്നത് സൃഷ്ടിക്രമത്തിന് സ്വഭാവതാ വിരുദ്ധമാണ് എന്ന് പറയാൻ ദെബോരായുടെ സംഭവം അനുവദിക്കുന്നില്ല. "ദെബോരാ ഒരു പ്രത്യേക സാഹചര്യം മാത്രമായിരുന്നു" എന്ന് പറഞ്ഞാൽ. ഒരു വ്യത്യസ്തത (Exception) എന്ന് പറഞ്ഞ് തള്ളാനല്ല പകരം അത് ഒരു കാര്യ പ്രസക്തി ഉള്ള തെളിവായി പരാഗണിക്കണം. സ്ത്രീനേതൃത്വം സ്വഭാവതാ ദൈവക്രമവിരുദ്ധമല്ല എന്ന തെളിവിന് ഇത് ഉപയോഗിക്കാൻ സാധിക്കും.

ഹുൽദാ (Huldah): 2 രാജാക്കന്മാർ 22:11-20 ശ്രദ്ധേയമാണ്. ന്യായപ്രമാണപുസ്തകം കണ്ടെത്തിയപ്പോൾ യോശീയാവു രാജാവ് അതിന്റെ അർത്ഥത്തെക്കുറിച്ച് ദൈവത്തിന്റെ ഹിതം അന്വേഷിച്ചു. അതിനായി രാജാവിന്റെ പ്രതിനിധികളും പുരോഹിതന്മാരും ആരുടെ അടുക്കലാണ് പോയത്? പ്രവാചകിയായ ഹുൽദായുടെ (Huldah the Prophetess) അടുക്കൽ.

ഹുൽദാ പറയുന്നു: "യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു...' സ്ത്രീകൾക്ക് സ്ത്രീ വിഷയങ്ങൾ പഠിപ്പിക്കുകയല്ല. മറിച്ച് രാജാവിനും പുരോഹിതന്മാർക്കും രാജ്യത്തിനും വേണ്ടിയുള്ള ദൈവവചനം പ്രഖ്യാപിക്കുകയാണ്. ഇവിടെ ഒരു സ്ത്രീ ദൈവവചനത്തിന്റെ ആധികാരിക വ്യാഖ്യാനം (Authoritative Interpretation) നൽകുന്നു.

എസ്ഥേർ (Esther) : എസ്ഥേർ പ്രവാചകിയല്ല, പുരോഹിതയുമല്ല. എന്നാൽ തന്റെ ധൈര്യവും തീരുമാനവും നേതൃത്വവും ഒരു ജനതയുടെ രക്ഷയിൽ നിർണായകമായി. മൊർദ്ദെഖായി ചോദിക്കുന്നു: "ഇങ്ങനെയുള്ളൊരു കാലത്തേക്കായിരിക്കാം നീ രാജത്വത്തിൽ എത്തിയിരിക്കുന്നത്." ദൈവം സ്ത്രീകളെ ഉപയോഗിക്കുന്നത് സ്വകാര്യമായ കുടുംബ പരിധിക്കുള്ളിൽ മാത്രം അല്ലെന്ന് എസ്ഥേറിന്റെ ജീവിതവും പ്രവർത്തിയും വ്യക്തമാക്കുന്നു.

അതിനാൽ പഴയനിയമത്തിൽ തന്നെ: മിര്യാം, ദെബോരാ, ഹുൽദാ, എസ്ഥേർ എന്നീ ശക്തരായ സ്ത്രീനേതൃത്വ മാതൃകകൾ (Female Leadership Models) കാണാം. കൂടാതെ യിസ്രായേൽ ഗ്രഹം പണിതതിൽ ലേയ, റാഹേൽ എന്നിവരുടെ പങ്ക് പ്രശംസനീയമായി വചനത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്.

### പുതിയനിയമ സത്രീകൾ

ഹന്നാ (Hanna): ലൂക്കാ 2:36 ഹന്നയെ: "പ്രവാചകി" എന്ന് വിളിക്കുന്നു. ഹന്ന യേശുവിനെക്കുറിച്ച് "യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും സംസാരിച്ചു." അതായത് മിശിഹാവിനെക്കുറിച്ചുള്ള പൊതു പ്രഖ്യാപനത്തിൽ (Public Messianic Proclamation) ഒരു സ്ത്രീ പങ്കാളിയാകുന്നു.

ശമര്യസ്ത്രീ (Samaritan Woman) : യോഹന്നാൻ 4-ൽ ശമര്യ സ്ത്രീ പട്ടണത്തിലേക്കുപോയി പ്രഖ്യാപിച്ചു. "ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ മനുഷ്യനെ വന്നു കാണുവിൻ." യോഹന്നാൻ 4:39: "ആ സ്ത്രീയുടെ വാക്കുനിമിത്തം ആ പട്ടണത്തിലെ ശമര്യരിൽ പലരും യേശുവിൽ വിശ്വസിച്ചു." ഇത് സഭയിലെ ഔദ്യോഗിക സ്ഥാനം (Church Office) നൽകുന്നതിനുള്ള തെളിവല്ല. എന്നാൽ സ്ത്രീയുടെ പൊതു സുവിശേഷസാക്ഷ്യം (Public Evangelistic Witness) പുതിയനിയമം അംഗീകരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു.

മഗ്ദലേന മറിയ (Mary Magdalene): യോഹന്നാൻ 20:17-ൽ ഉയിർത്തെഴുന്നേറ്റ യേശു മറിയയോട് പറയുന്നു: "എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു അവരോടു പറയുക...' അങ്ങനെ ക്രിസ്തുവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള സന്ദേശം അപ്പൊസ്തലന്മാരിലേക്കു എത്തിക്കാൻ യേശു ഒരു സ്ത്രീയെ നിയോഗിച്ചു. ഇത് സഭയിലെ മൂപ്പൻ സ്ഥാനത്തിന്റെ തെളിവല്ല. എന്നാൽ: "ദൈവം ഒരിക്കലും ഒരു സ്ത്രീയെ പുരുഷന്മാരോട് ആത്മീയ സത്യം പ്രഖ്യാപിക്കാൻ അയക്കില്ല" എന്ന വാദത്തെ ഇത് ഇല്ലാതാക്കും.

പെന്തെക്കോസ്ത് (Pentecost): യോവേൽ 2:28-29-ന്റെ പ്രവചനം പ്രവൃത്തികൾ 2:17-18-ൽ പത്രോസ് ഉദ്ധരിക്കുന്നു: "നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും...' കൂടാതെ: "എന്റെ ദാസന്മാരുടെയും ദാസിമാരുടെയുംമേൽ ഞാൻ എന്റെ ആത്മാവിനെ പകരും; അവർ പ്രവചിക്കും."

പുതിയ ഉടമ്പടിയിലെ (New Covenant) ആത്മാവിന്റെ പകർച്ചയിൽ സ്ത്രീകൾ കാഴ്ചക്കാർ (spectators) മാത്രം അല്ല. അവർ ആത്മാവിനാൽ ശക്തീകരിക്കപ്പെട്ട ശുശ്രൂഷകർ (Spirit-Empowered Ministers) ആണ്.

ഇതാണ് പെന്തെക്കോസ്ത് ദൈവശാസ്ത്രത്തിൽ (Pentecostal Theology) സ്ത്രീശുശ്രൂഷയുടെ ഏറ്റവും പ്രധാനപ്പെട്ട അടിത്തറകളിലൊന്ന്. അസംബ്ലീസ് ഓഫ് ഗോഡ് സഭാ വിഭാഗത്തിന്റെ (Assemblies of God) 2025 ഔദ്യോഗിക നിലപാടും യേവേൽ 2/പ്രവൃത്തികൾ 2-ൽ സ്ത്രീകളുടെ ശുശ്രൂഷാ നേതൃത്വത്തിന് പ്രധാന അടിത്തറയായി കാണുന്നു. അവർ സ്ത്രീകളുടെ വരങ്ങളും വിളിയും സഭാശുശ്രൂഷയുടെ എല്ലാ തലങ്ങളിലും അംഗീകരിക്കുന്നതായി വ്യക്തമാക്കുന്നു.

ഫിലിപ്പോസിന്റെ പുത്രിമാർ : പ്രവൃത്തികൾ 21:9: "അവനു കന്യകമാരായ നാലു പുത്രിമാർ ഉണ്ടായിരുന്നു; അവർ പ്രവചിക്കുന്നവർ ആയിരുന്നു. പ്രവചനശുശ്രൂഷ (Prophetic Ministry) വെറും സ്വകാര്യ പ്രാർത്ഥനയല്ല. 1 കൊരിന്ത്യർ 14 പ്രകാരം പ്രവചനത്തിന്റെ പ്രവർത്തനം സഭയെ: ആത്മികമായി പണിയുക (Edify), പ്രബോധിപ്പിക്കുക (Exhort), ആശ്വസിപ്പിക്കുക (Comfort) എന്നതാണ്. അതായത് സ്ത്രീകൾ സഭയെ (congregation) ആത്മീയമായി ശുശ്രൂഷിക്കുന്നതിന് പുതിയനിയമത്തിൽ വ്യക്തമായി അവസരം നൽകുന്നു.

*(തുടരും)*

# യിത്രോവിന്റെ ആലോചന



പാസ്റ്റർ പി.എം. ജോൺസൻ
9447343593

മോശയുടെ അമ്മാവിയപ്പൻ യിത്രോ ഒരു മിദ്യാന്യ പുരോഹിതനായിരുന്നു. യിസ്രായേലുമായി ബന്ധമില്ലാത്ത ഒരാൾ. പക്ഷെ ദൈവവചനം വായിക്കുന്ന ഏതൊരാൾക്കും അദ്ദേഹത്തിന്റെ പ്രവൃത്തികൾ ശ്രദ്ധിക്കുമ്പോൾ അദ്ദേഹത്തോട് ബഹുമാനം തോന്നും. മിസ്രയീമിൽ നിന്നും ലക്ഷ്യമില്ലാതെ ഓടിപ്പോയ മോശയെ കൂടെ പാർപ്പിച്ചതും തൊഴിൽ നൽകിയതും കുടുംബസ്ഥനാക്കുവാൻ തന്റെ മകളെ ഭാര്യയായി കൊടുത്തതും ഒക്കെ വായിക്കുമ്പോൾ ഏതൊരു വായനക്കാരനും ആ നല്ല മനുഷ്യനോട് തന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു ആദരവ് തോന്നിയിരിക്കും. നല്ല മനഷ്യന്മാർ നമ്മുടെ സമൂഹത്തിനു പുറത്തും ഉണ്ടെന്ന കാര്യം നാം അറിയേണം. നാൽപ്പതു വർഷം അമ്മാവിയപ്പന്റെ കൂടെ പാർത്തിട്ടും യാതൊരു പ്രശ്നങ്ങളും അവിടെ ഉണ്ടായില്ല എന്നത് മോശയുടെ മാത്രം സ്വഭാവ ഗുണം കൊണ്ടായിരുന്നില്ല, ആ നല്ല മനുഷ്യന്റെ ഇടപെടലും അതിനു സഹായിച്ചിരിക്കേണം.

നാൽപ്പതു വർഷത്തെ വാസത്തിനു ശേഷമാണല്ലോ മോശയ്ക്കു മിസ്രയീമിലേക്കു മടങ്ങിപ്പോകാൻ ദൈവവിളി ഉണ്ടാകുന്നത്. താൻ ഇക്കാര്യം യിത്രോവിനോട് അറിയിച്ചപ്പോൾ അദ്ദേഹം സന്തോഷത്തോടെയാണ് മോശയെ അനുഗ്രഹിച്ചു അയച്ചത് (പുറ.4:18). എബ്രായ പാരമ്പര്യം ഉള്ള മോശയും മിദ്യാന്യ പാരമ്പര്യം ഉള്ള സിപ്പോറയുമായി ഉള്ള കുടുംബ ബന്ധം വളരെ ദൃഢമായിരുന്നു. എങ്കിലും മിസ്രയീമിലേക്കുള്ള യാത്രയിൽ ഒരു ചെറിയ ഇടർച്ച ഉണ്ടായതു സ്വാഭാവികം. പക്ഷെ സിപ്പോറ അത്ര താല്പര്യമില്ലാതിരുന്നിട്ടും മോശയ്ക്കു വേണ്ടി തന്റെ മകനെ പരിച്ഛേദന ചെയ്തു അവരുടെ യാത്ര മുന്നോട്ടുപോയി (പുറ. 4:2426). എന്നാൽ പിന്നീട് മോശയുടെ ശുശ്രൂഷ തുടരുന്നതിനിടയിൽ ഭാര്യയെയും മക്കളെയും അവളുടെ അപ്പന്റെ അടുത്തേക്ക്പറഞ്ഞു വിടേണ്ടി വന്നു, അതും സ്വാഭാവികം എന്നേ പറയാനാകൂ. എങ്കിലും യിത്രോ മോശയെക്കുറിച്ചു ആരാഞ്ഞും തന്റെ വിശേഷങ്ങൾ ശ്രദ്ധിച്ചുമിരുന്നു. മോശയുടെ മാത്രമല്ല മോശ ഉൾപ്പെടുന്ന ജനവിഭാഗത്തിന്റെയും അഭ്യുദയകാംക്ഷിയായിരുന്ന അദ്ദേഹം മോശ മടക്കി അയച്ചിരുന്ന സിപ്പോറയെയും മക്കളെയും കൂട്ടി മരുഭൂമിയിൽ മോശയുടെ അടുത്തേക്ക് വരികയും മോശ തന്റെ അമ്മാവിയപ്പനെ ആദരവോടു വരവേൽക്കുകയും ചെയ്തു (പുറ. 18:17). മോശയും തന്റെ മകളും താത്കാലികമായി അകന്നുപോയെങ്കിലും അവരെ ഒരുമിപ്പിക്കുവാൻ താൻ കാണിച്ച ആ മാതൃക എത്ര ശ്ലാഘനീയം?

യിസ്രായേലിന്നു വേണ്ടി ദൈവം ചെയ്ത കാര്യങ്ങളെക്കുറിച്ചു മോശ തന്റെ അമ്മാവിയപ്പനോട് വിവരിച്ചു പറഞ്ഞപ്പോൾ യിസ്രായേലിന്റെ ദൈവം സകല ദേവന്മാരെക്കാളും വലിയവൻ തന്നെ എന്നുള്ള കാര്യം വിശ്വസിക്കുകയും ഏറ്റു പറയുകയും മാത്രമല്ല, ആ ദൈവത്തെ ആരാധിക്കുവാനും തനിക്കു സന്തോഷമായിരുന്നു (പുറ. 18:8–12). നമ്മുടെ ബന്ധുക്കൾ, പ്രീയപ്പെട്ടവർ, സ്നേഹിതർ ഇവരിൽ ആരെങ്കിലുമൊക്കെ വിശ്വാസികൾ അല്ലെങ്കിലും ദൈവം നമ്മോടു കാണിച്ച ദയയും വിശ്വസ്തതയും അവസരോചിതമായി അവരോടു വിവരിക്കുവാൻ മറക്കരുത്.

തന്റെ മരുമകൻ ഇപ്പോൾ പഴയ ആളല്ലെന്നും ലക്ഷക്കണക്കിലുള്ള ഒരു ജനവിഭാഗത്തിന്റെ നേതാവാണെന്ന കാര്യവും തന്നിൽ കൂടി നടക്കുന്ന വലിയ ദൈവപ്രവൃത്തികളും അത്ഭുതത്തോടും അഭിമാനത്തോടുമായിരിക്കേണം ആ പിതാവ് നോക്കിക്കണ്ടത്. തന്റെ മരുമകന്റെ അടുത്ത് ജനങ്ങൾ അവരുടെ വിഷയങ്ങളുമായി വരുന്നതും മോശ അവരുടെ വിഷയങ്ങൾ പരിഹരിക്കുന്നതും ദൈവീക ആലോചന അവരെ പഠിപ്പിക്കുന്നതുമൊക്കെ മോശയുടെ കൂടാരത്തിലിരുന്നു കൊണ്ടു യിത്രോ കണ്ടു. തന്റെ കുടുംബവുമായോ അതിഥിയായി വന്ന അമ്മാവിയപ്പനോടോ ഒന്ന് സംസാരിക്കുവാൻ പോലും സമയം കിട്ടാത്ത വല്ലാത്ത തിരക്കിൽ മോശ അകപ്പെട്ടിരുക്കുന്നത് താൻ ശ്രദ്ധിച്ചു.

പല നേതാക്കൾക്കും ഉണ്ടാകുന്ന ഒരു പ്രശ്നമാണിത്. അവർ വല്ലാത്തതിരക്കിലാണ്, കർത്താവിന്റെ വേലയോടുള്ള ബന്ധത്തിലുള്ള തിരക്കാണ്. കർത്താവിന്റെ വേലയിലാണെങ്കിലും ശുശ്രൂഷയുടെ വ്യാപ്തികൂടുന്നതിനനുസരിച്ചു വലിയതിരക്ക് നമുക്ക് ഉണ്ടാവുക സ്വാഭാവികമാണ്. നാം ആ തിരക്കിലകപ്പെട്ടു വലഞ്ഞു പോകേണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. നാം കാര്യങ്ങൾക്കു ഒരു പദ്ധതികണ്ടെത്തേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നമ്മെ ഏല്പിച്ചത് നമുക്ക് കൃത്യമായി ചെയ്യുവാൻ കഴിയുകയുള്ളൂ. ചിലർ ഒന്നും ആരെയും ഏല്പിക്കയിയല്ല, എല്ലാം അവർ തന്നെ ചെയ്യും. മോശയും അങ്ങനെയായിരുന്നു. മോശയെ ഇക്കാര്യത്തിൽ ഒന്ന് തിരുത്തുവാൻ ആരും ആ പാളയങ്ങളിൽ ഉണ്ടായിരുന്നില്ല. ഏതു നേതാവായാലും തന്നെ ഒന്ന് തിരുത്തുവാൻ തനിക്കു ബഹുമാനിതനായ ഒരാൾ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ദൈവം ആ കുറവ്പരിഹരിക്കുവാൻ മോശയ്ക്കു ബഹുമാനിതനായ യിത്രോവിനെ അയച്ചു. മോശയുടെ പ്രായോഗീക ബുദ്ധിമുട്ട് അദ്ദേഹം മനസ്സിലാക്കി,

ദൈവം നമ്മെ ചില ശുശ്രൂഷകൾ ഏല്പിച്ചു എന്നത് ശരിയായിരിക്കാം, പക്ഷെ, എല്ലാം നമുക്ക് ഒറ്റയ്ക്ക് ചെയ്യാനാവില്ല, അങ്ങനെ ചെയ്യാൻ ദൈവം പറഞ്ഞിട്ടുമില്ല. നാം ചില പ്രായോഗീക കർമ്മപദ്ധതികളും അതിനോടുള്ള ബന്ധത്തിൽ ചെയ്യേണ്ടിയിരിക്കുന്നു. അത് ഇതുവരെയും ചെയ്തിട്ടില്ലെങ്കിൽ അതിനു പറ്റിയ ആൾക്കാരെ ദൈവം നമ്മുടെ അടുത്തേക്ക് അയയ്ക്കും. അവരിൽ നിന്നുമുള്ള ദൈവീകാലോചന നാം കേൾക്കുകയും അനുസരിക്കുകയും വേണം. ദൈവം ഒരു മഹത്തായ ശുശ്രൂഷ നമ്മെ ഏല്പിച്ചുവെന്നു കരുതി നാമാരും സർവ്വജ്ഞാനികളൊന്നുമല്ല, സർവ്വശക്തരും അല്ല എന്ന കാര്യം തിരിച്ചറിയേണം. നേതാക്കന്മാർ മറ്റുള്ളവരിൽ നിന്നും പഠിക്കുകയും അത് പ്രായോഗീക തലത്തിൽ കൊണ്ടു വരികയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യാത്തതിന്റെ ഭവിഷ്യത്ത്പല ആത്മീയ പ്രസ്ഥാനങ്ങക്കും സ്ഥാപനങ്ങൾക്കും ഇന്നുണ്ട്. അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാരാൽ സ്ഥാപിതമായ പല പ്രസ്ഥാനങ്ങളും മേല്പറഞ്ഞ പ്രശ്നം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ഒരു ജനതയുടെ ആത്മീയ നേതാവും അതിനുള്ള പ്രായവും പക്വതയും ഉള്ള ആളുമായിരുന്നു യിത്രോ (പുറ. 2:16). അങ്ങനെയുള്ള ഒരു ആളിൽ നിന്നും മോശ പാഠം പഠിക്കേണമെന്നും തന്റെ ജനത്തിന് അത് പ്രായോഗീകതലത്തിൽ പ്രയോജനപ്രദമാക്കേണമെന്നും ദൈവം ആഗ്രഹിച്ചു.

ചില മാതാക്കൾ ഭവനത്തിൽ ജോലി ചെയ്തു തളരുകയാണ്. അവർക്കു പ്രാർത്ഥിക്കാൻ പറ്റുന്നില്ല, വചനം വായിക്കുവാൻ സമയമില്ല, സഭായോഗങ്ങൾക്കു സമയത്തു എത്തുവാൻ പോലുമാകുന്നില്ല, അവരുടെ ചില ജോലികൾ ഭർത്താവുമായും മക്കളുമായി പങ്കു വച്ചാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. ചില പാസ്റ്റർമാർ അവർ ചെയ്യേണ്ടതും അല്ലാത്തതുമായ എല്ലാ ജോലികളും എടുത്തു തലയിൽ വച്ചിരിക്കുകയാണ്, അവർക്കു അജഗണ പരിപാലനത്തിനോ പ്രാർത്ഥനയ്ക്കോ സമയമില്ല.

പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനു മോശ തെരഞ്ഞെടുക്കേണ്ട പുരുഷന്മാർക്കുള്ള യോഗ്യതകളും യിത്രോ വിവരിച്ചിട്ടുണ്ട്. അവർ ആത്യന്തീകമായി ദൈവഭക്തന്മാരായിരിക്കേണം, സത്യമുള്ളവർ ആയിരിക്കേണം, ദുരാദായം വെറുക്കുന്നവർ ആയിരിക്കേണം, പ്രാപ്തരുമായിരിക്കേണം. മേല്പറഞ്ഞ യോഗ്യതയുള്ള ഒരാൾക്ക് അമ്പത്പേരുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് ഒരു വലിയ കാര്യമല്ല. ചുരുക്കിപ്പറഞ്ഞാൽ വളരെ ലളിതമായി മോശയുടെ ഭാരം കുറയ്ക്കുവാൻ സാധിച്ചു. യിത്രോയുടെ ഈ ആലോചന യിസ്രായേലിൽ പിന്നീട്തുടരുന്നതായി നമുക്ക്മനസിലാക്കാം. ദൈവസഭയുടെ തുടക്കത്തിൽ ഇതിനു സമാനമായ ഒരു പ്രതിസന്ധി ഉണ്ടായപ്പോൾ, യിത്രോവിനെ പോലെ ഒരാളുടെ ആശയം അവിടെ വേണ്ടി വന്നില്ല. വചനത്തിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കിയിരുന്ന അപ്പോസ്തലന്മാർ ആ കാര്യം പരിഹരിച്ചു, ദൈവം അത് അംഗീകരിക്കുകയുമുണ്ടായി.

''ആ കാലത്തു ശിഷ്യന്മാർ പെരുകി വരുമ്പോൾ തങ്ങളുടെ വിധവമാരെ ദിനം പ്രതിയുള്ള ശുശ്രുഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു യവനഭാഷക്കാർ എബ്രായ ഭാഷക്കാരുടെ നേരെ പിറുപിറുത്തു. പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചു വരുത്തി: ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ചു മേശകളിൽ ശുശ്രൂഷ ചെയ്യുന്നതു യോഗ്യമല്ല. 3 ആകയാൽ സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നേ തിരഞ്ഞു കൊൾവിൻ; അവരെ ഈ വേലെക്കു ആക്കാം. ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും എന്നു പറഞ്ഞു (അപ്പോ. 6:14) അവിടെയും അപ്പോസ്തലന്മാർ ചില യോഗ്യതകൾ വെച്ചിരുന്നു, പ്രശ്നം പരിഹരിച്ചു, അപ്പോസ്തലന്മാർക്കു പ്രാർത്ഥനയ്ക്കും വചനധ്യാനത്തിനും സമയം ലഭിച്ചു. ഒരാൾ എല്ലാം ചെയ്യാമെന്ന് വച്ചാൽ ഒന്നും നടക്കില്ല. യോഗ്യത ഉള്ളവർക്ക് ചുമതലകൾ വിഭജിക്കുക, വീട്ടിലും സഭയിലും അതാണ് നല്ലത്. മോശയുടെ അടുത്തേയ്ക്കു ദൈവമാണ് യിത്രോവിനെ അയച്ചത്. അദ്ദേഹം പറഞ്ഞതായി ഒടുവിലത്തെ കാര്യം ശ്രദ്ധിക്കുക,


യിത്രോ പ്രായോഗീക ജ്ഞാനം ഉള്ള നല്ല ഒരു മനുഷ്യനായിരുന്നു, അങ്ങനെയുള്ളവർക്ക് നല്ല ആശയങ്ങൾ ഉണ്ടായിരിക്കും. പക്ഷെ ദൈവജനത്തിന്റെ മേൽ അത് പ്രയോഗിക്കുന്നതിനുമുമ്പ് ദൈവത്തിന്റെ അംഗീകാരത്തിനായി വിടേണം. ദൈവജനത്തിന്റെ ഉടമസ്ഥാവകാശം നടത്തിപ്പുകാർക്കോ ആശയമുള്ളവർക്കോ ദൈവം കൈമാറിയിട്ടില്ല. ദൈവജനം ദൈവത്തിന്റേതാണ്, ആരും അവരുടെ മേൽ കൈവശാവകാശം വയ്ക്കാതിരിക്കുവാൻ ശ്രദ്ധിച്ചാൽ നന്ന്. നമ്മുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ യോഗ്യന്മാരുമായി പങ്കുവയ്ക്കാം, നല്ല ആശയങ്ങൾ നമ്മുടെ ഇടയിൽ ഉണ്ടാകട്ടെ. അപ്പോഴും മറക്കരുത്, ദൈവജനം ദൈവത്തിന്റേതാണ്, ദൈവഹിതം പോലെ മാത്രമേ കാര്യങ്ങൾ പോകാവൂ. ■



**PRAYER**

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com



പാസ്റ്റർ ഫിലിപ്പ് പി. തോമസ്

5

# മുറിവേറ്റ മനുഷ്യനും വൈദ്യനും

## മുറിവേറ്റ യേശുവിന്റെ മൗനം



> കുറ്റം ചെയ്യാത്തത്തവനെ ക്രൂശിച്ചിട്ട് പീലാത്തോസ് വെള്ളം എടുത്ത് കൈ കഴുകി. "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റമില്ല; നിങ്ങൾ തന്നേ നോക്കിക്കൊൾവിൻ"

നീതി നിഷേധിക്കപ്പെടുമ്പോൾ, നമ്മുടെ ഭാഗം പറഞ്ഞ് ബോധ്യപ്പെടുത്തണ്ടേ? മൗനം കുറ്റസമ്മതമായി വ്യാഖ്യാനിക്കപ്പെടുകയില്ലേ? ന്യായാധിപൻ മുൻവിധിയോടെ തീരുമാനം എടുക്കുന്നിടത്ത് വിചാരണ വെറും നാടകമല്ലേ? പീലാത്തോസ് സ്വന്തം കസേര നഷ്ടപ്പെടാതിരിക്കുവാൻ. ഏത് അനീതിക്കും കൂട്ടുനിൽക്കും. യേശുവിനെ വിസ്തരിച്ച പീലാത്തോസ് പറഞ്ഞ വിധി, നീതിന്യായ കോടതിക്ക് എന്നും അപമാനമാണ്. യാതൊരു കുറ്റവും തെളിയിക്കപ്പെടാഞ്ഞിട്ടും യേശുവിനെ ക്രൂശിക്കാൻ വിധിച്ചു. മഹാപുരോഹിതന്മാരും ചേവകരും അവനെ കണ്ടപ്പോൾ: ക്രൂശിക്ക, ക്രൂശിക്ക, എന്നു ആർത്തുവിളിച്ചു. പീലാത്തൊസ് അവരോടു: നിങ്ങൾ അവനെ കൊണ്ടുപോയി ക്രൂശിപ്പിൻ ഞാനോ അവനിൽ കുറ്റം കാണുന്നില്ല എന്നു പറഞ്ഞു' (യോഹ. 19:6).

കുറ്റം ഒന്നും കാണുന്നില്ലെിൽ പിന്നെ ക്രൂശിക്കാൻ ഏൽപ്പിച്ചത് എന്തുകൊണ്ട്? അതിന് കാരണം ഉണ്ട്. അവനെ ക്രൂശിക്ക, ക്രൂശിക്ക എന്ന് മഹാപുരോഹിതന്മാരും ചേവകരും ആർത്തു വിളിക്കുന്നുണ്ടായിരുന്നു. സ്വന്തം മനസാക്ഷയെക്കാൾ. ഭൂരിപക്ഷത്തിന്റെ ആർപ്പുവിളിക്കാണ് പീലാത്തോസ് വഴങ്ങിയത്. അവരോടൊപ്പം നിന്നില്ലെങ്കിൽ തന്റെ ജോലി നഷ്ടമാകുമെന്ന് തനിക്ക് അറിയാമായിരുന്നു. കുറ്റം ചെയ്യാത്തത്തവനെ ക്രൂശിച്ചിട്ട് പീലാത്തോസ് വെള്ളം എടുത്ത് കൈ കഴുകി. "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റമില്ല; നിങ്ങൾ തന്നേ നോക്കിക്കൊൾവിൻ" എന്നു പറഞ്ഞു പീലാത്തോസ് വെള്ളം എടുത്തു പുരുഷാരത്തിന്റെ മുമ്പിൽ കൈ കഴുകി (മത്താ. 27:24). കൈ കഴുകിയതുകൊണ്ട് പീലാത്തോസ് കുറ്റത്തിൽ നിന്ന് യഥാർത്ഥത്തിൽ മോചിതനായില്ല. ജനക്കൂട്ടത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങി അന്യായമായ വിധി നൽകി. കൈ കഴുകി ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. 'നീതിമാനെ കുറ്റക്കാരനാക്കുകയും കുറ്റക്കാരനെ നീതീകരിക്കുകയും ചെയ്യുന്നത് യഹോവയ്ക്കു വെറുപ്പാകുന്നു' (സദൃശ്യ. 17:15). പീലാത്തോസിന്റെ കൈ കഴുകൽ വായിക്കുമ്പോൾ ഷേക്സ്പിയറിന്റെ മാക്ബത്ത് എന്ന കൃതിയിലെ പ്രശസ്തമായ വാചകമാണ് ഓർമ്മയിൽ വരുന്നത് .

"Will all great Neptune's ocean wash this blood Clean from my hand?" 'മഹാനായ നെപ്റ്റ്യൂണിന്റെ മുഴുവൻ സമുദ്രജലത്തിനും എന്റെ കൈയിലെ ഈ രക്തക്കറ കഴുകിക്കളയാൻ കഴിയുമോ?'' മാക്ബത്ത് രാജാവായ ഡൻകനെ കൊന്നശേഷം കുറ്റബോധത്തിൽ പറയുന്ന വാക്കുകളാണിത്. കൊലപാതകത്തിന്റെ കുറ്റം, സമുദ്രം പോലും അതിനെ കഴുകിക്കളയാൻ കഴിയാത്തത്ര വലിയ കുറ്റമായിരുന്നു. അഭിനവ പീലോത്തോസ്മാർ എത്രയോ നിരപരാധികളെ കുറ്റക്കാരാക്കുന്നു.

ഇവിടെ നമ്മെ അത്ഭുതപ്പെടുന്നുന്നത് യേശുവിന്റെ മൗനമാണ്. ഈ മൗനം കുറ്റസമ്മതമോ, ബലഹീനതയുമല്ലയോ ആയിരുന്നില്ല. ദൈവഹിതം നിറവേറപ്പെടാൻ വേണ്ടിയുള്ള സമർപ്പണം ആയിരുന്നു. പിതാവിന്റെ ഇഷ്ടത്തിന് പൂർണമായി സമർപ്പിച്ച പുത്രന്റെ അർപ്പണമായിരുന്നു. പിതാവിന്റെ അറിവും സമ്മതവും കൂടാതെ ഒന്നും സംഭവിക്കത്തില്ലായെന്ന വിശ്വാസ പ്രഖ്യാപനം ആയിരുന്നു.

സത്യത്തിനു വേണ്ടി കഷ്ടം സഹിക്കാനുള്ള മനസായിരുന്നു. പീലാത്തോസിന്റെയും മഹാപുരോഹിതന്മാരുടെയും മുൻപിൽ ഉയർന്ന എല്ലാ വ്യാജ ആരോപണങ്ങളോടും അവിടുന്ന് പ്രതികരിച്ചില്ല. 'അവൻ ഉത്തരം ഒന്നും പറഞ്ഞില്ല' (മർക്കോ. 15:35). കൈകാലുകളിൽ ആണി അടിച്ചിട്ടും, തലയിൽ മുൾക്കിരീടം വച്ചിട്ടും, പുറം ഉഴവുചാൽ പോലെ ഉഴുതു മറിക്കപ്പെട്ടിട്ടും, മുഖത്ത് തുപ്പിയിട്ടും, പരിഹസിച്ചിട്ടും യേശു പ്രതികാരം ചെയ്തില്ല. 'അവൻ പീഡിപ്പിക്കപ്പെട്ടിട്ടും വായ് തുറന്നില്ല; അറുക്കുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും...' (യെശ. 53:7).

എങ്കിലും അവിടുന്ന് ദൈവത്തോട് മൗനമായിരുന്നില്ല. മുറിവേറ്റ് വേദന സഹിക്കുമ്പോഴും പിതാവിനോട് സംസാരിച്ചു. അത് പരാതിയോ പരിഭവമോ അല്ലായിരുന്നു, മറിച്ച് സ്നേഹത്തിന്റെയും ക്ഷമയുടെയും കരുതലിന്റെയും ഭാഷയായിരുന്നു. മുറിപ്പെടുത്തിയവരെ നോക്കി കൊണ്ട് – 'പിതാവേ, ഇവരോടു ക്ഷമിക്കേണമേ' (ലൂക്കോ. 23:34) എന്നു പറയുവാൻ ഒരു സാധാരണക്കാരന് കഴിയില്ല. കൂടെ കിടക്കുന്ന കള്ളനോട് – 'ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും' (ലൂക്കോ. 23:43) എന്ന് പറയാൻ ദൈവപുത്രനു മാത്രമേ കഴിയൂ. എങ്കിലും ദൈവപുത്രൻ എന്ന് തെളിയിക്കുവാൻ ക്രൂശിൽ നിന്ന് ഇറങ്ങി വന്നില്ല. എല്ലാം സഹിച്ചത് നമുക്കു വേണ്ടിയാണ്. സ്തോത്രം.

'യേശു പുളിച്ചവീഞ്ഞു കുടിച്ചശേഷം: നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ച്ചു ആത്മാവിനെ ഏല്പിച്ചുകൊടുത്തു' (യോഹ. 19:30). നിവർത്തിക്കേണ്ടതെല്ലാം നിവർത്തിച്ചു. അതിൽ ഉൾപ്പെട്ടതായിരുന്നു ഈ മുറിവുകളും ആക്ഷേപങ്ങളും. ഈ മുറിവുകൾ നമ്മുടെ വീണ്ടെടുപ്പിനായി തീർന്നു. അത് ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവത്തിന്റെ പദ്ധതിക്ക് കീഴടങ്ങിയ മൗനമായിരുന്നു. മനുഷ്യർ പ്രതികാരം പ്രതീക്ഷിച്ചിടത്ത് യേശു ക്ഷമ പ്രകടിപ്പിച്ചു.

'അവൻ ശകാരിക്കപ്പെട്ടപ്പോൾ ശകാരം മടക്കി ശകാരിച്ചില്ല; കഷ്ടം അനുഭവിച്ചപ്പോൾ ഭീഷണിപ്പെടുത്തിയില്ല; നീതിയായി വിധിക്കുന്നവന്നു തന്നെ ഏല്പിച്ചുകൊടുത്തു' (1പത്രോ. 2:23). എല്ലാ ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും നാം മറുപടി പറയേണ്ട ആവശ്യമില്ല. ചിലരുടെ കൈയിൽ നമുക്കെതിരെ തെളിവുകൾ ഉണ്ടെന്ന് പറയും. ജോസഫിന്റെ മുണ്ട് പൊത്തിഫോറിന്റെ ഭാര്യയുടെ കൈയ്യിൽ ഉണ്ടായിരുന്നു. അതുകൊണ്ട് പതിമൂന്ന് കൊല്ലത്തോളം കാരാഗ്രഹവാസം അനുഭവിച്ചു. തന്റെ മൗനം കുറ്റസമ്മതം അല്ലായിരുന്നു. ദർശനം നൽകിയ ദൈവം അത് നിവർത്തിക്കുമെന്നുള്ള ഉത്തമ ബോധ്യമായിരുന്നു.

സത്യം ഒരു ദിവസം പുറത്തുവരുമെന്ന് യേശുവിന് ഉറപ്പുണ്ടായിരുന്നു. മൂന്നാം ദിവസം സത്യം ഉയിർത്തെഴുന്നേറ്റു. 'യഹോവ സകല പീഡിതന്മാർക്കും വേണ്ടി നീതിയും ന്യായവും നടത്തുന്നു' (സങ്കീ. 103:6).

# റവ. അലക്സ് ജേക്കബ് ചർച്ച് ഓഫ് ഗോഡ് ബിഹാർ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പ്



**ബിഹാർ:** ചർച്ച് ഓഫ് ഗോഡ് ബിഹാർ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പായി റവ. അലക്സ് ജേക്കബ് ചുമതലയേറ്റു. ചർച്ച് ഓഫ് ഗോഡ് സൗത്ത് ഏഷ്യൻ റീജിയണൽ സൂപ്രണ്ട് റവ. ഡോ സി സി തോമസ് ഇൻസ്റ്റലേഷൻ സർവീസിന് നേതൃത്വം നൽകി. ചർച്ച് ഓഫ് ഗോഡ് സെൻട്രൽ ഈസ്റ്റേൺ റീജിയൺ അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ആയി ചുമതല വഹിച്ചു വരികയായിരുന്നു.

ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി, തിരുവല്ല, ന്യൂ ഇന്ത്യ ബൈബിൾ സെമിനാരി, പായിപ്പാട്, ബാംഗ്ലൂർ, ആക്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി എന്നിവിടങ്ങളിൽ വേദപഠനം നടത്തി. നെടുമ്പ്രം, ചെങ്ങന്നൂർ, മുണ്ടിയപ്പള്ളി എന്നിവിടങ്ങളിൽ സഭാ ശുശ്രൂഷ നിർവ്വഹിച്ചു. തിരുവല്ല, ശാരോൺ ബൈബിൾ കോളേജ്, പുല്ലാട് ഇന്ത്യ ക്രിസ്ത്യൻ തിയോളജിക്കൽ കോളേജ് , ഷാർജ ഗിൽഗാൽ ബൈബിൾ കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായി പ്രവർത്തിച്ചു.

ചർച്ച് ഓഫ് ഗോഡ് യുഎഇ റീജിയൻ സൺഡേ സ്കൂൾ & യൂത്ത് പ്രസിഡന്റ്, ഗോസ്പൽ ഫോർ ഏഷ്യാ സർക്കുലേഷൻ മാനേജർ എന്നീ ചുമതല വഹിച്ചിട്ടുണ്ട്. 2010 മുതൽ ബിഹാറിൽ മിഷനറിയായി പ്രവർത്തിക്കുന്നു. 2018 മുതൽ ചർച്ച് ഓഫ് ഗോഡ് സെൻട്രൽ ഈസ്റ്റേൺ റീജിയൺ ഓവർസിയർ പാസ്റ്റർ ബെന്നി ജോണിന്റെ കീഴിൽ റീജിയനുമായി ചേർന്ന് പ്രവർത്തിച്ചു.

# റീമ പുസ്തകമേള ഉദ്ഘാടനം ചെയ്തു



**തിരുവല്ല:** 28 -ാം മത് റീമ പുസ്തകമേള തിരുവല്ല എംഎൽഎ അഡ്വക്കേറ്റ് വർഗീസ് മാമ്മൻ ബെദേസ്ഥ മിനിസ്ട്രി ചെയർമാൻ റവ. സണ്ണി താഴാംപള്ളത്തിന് പുസ്തകം നൽകി ഉദ്ഘാടനം ചെയ്തു. റീമാഡയറക്ടർ പാസ്റ്റർ സി.പി. മോനായി സുവിശേഷ സംഘം ട്രഷറാർ എബി വാരിക്കാട് മുൻ മുൻസിപ്പൽ ചെയർമാൻ ആർ ജയകുമാർ മർച്ചന്റ് അസോസിയേഷൻ പ്രസിഡണ്ട് എം.കെ. വർക്കി മുൻ മുൻസിപ്പൽ ചെയർമാൻ ചെറിയാൻ പോളച്ചിറക്കൽ വൈഎംസിഎ പ്രസിഡണ്ട് റ്റി. ജെയിംസ് മുൻ മുൻസിപ്പൽ ചെയർമാൻ വർഗീസ് ജോൺ മുൻ മുൻസിപ്പൽ വൈസ് പ്രസിഡണ്ട് ജിജി വട്ടശ്ശേരി മർച്ചന്റ് അസോസിയേഷൻ സെക്രട്ടറി രഞ്ജിത്ത് എബ്രഹാം എന്നിവർ പങ്കെടുത്തു. സെപ്റ്റംബർ 30 വരെയാണ് പുസ്തകമേള. ഫോൺ 9495614414

# മതപരിവർത്തന നിരോധന നിയമം പിൻവലിച്ച് ഗോവ സർക്കാർ

<< 1

പക്ഷ ത്തുനിന്നുതന്നെ എതിർപ്പുകൾ ഉയർന്നിരുന്നു. നിയമസഭാ നടപടികൾ ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് ഭരണപക്ഷത്തെ കത്തോലിക്കാ എം.എൽ.എ.മാരുമായി മുഖ്യമന്ത്രി പ്രമോദ് സാവന്ത് ചർച്ച നടത്തുകയും ബിൽ അവതരിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുമായിരുന്നു. നിയമസഭാ കാര്യസൂചികയിൽനിന്ന് ബിൽ ഒഴിവാക്കുകയും ചെയ്തു.

സമ്മർദ്ദം, സ്വാധീനം, പ്രലോഭനം, വിവാഹം, എന്നിവയിലൂടെയുള്ള മതപരിവർത്തനങ്ങളാണ് നിരോധിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്നാണ് ഗവൺ മെന്റ് വാദമെങ്കിലും ബില്ലിലെ വ്യവസ്ഥകൾ ഏതുവിധത്തിൽ വേണമെങ്കിലും വളച്ചൊടിക്കാൻ കഴിയുന്നതാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധിയിൽ സംശയങ്ങൾ തുടക്കംമുതൽ ഉയർന്നിരുന്നു. ഈ നിയമപ്രകാരമുള്ള കുറ്റങ്ങൾക്ക് ജീവപര്യന്തം തടവും കുറഞ്ഞത് 50,000 രൂപ പിഴയും അടക്കമുള്ള കടുത്ത ശിക്ഷകളും വ്യവസ്ഥ ചെയ്തിരുന്നു.

വിവാഹം നടത്തുന്ന പുരോഹിതന്മാർക്കും 3–10 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിരുന്നു. ഇരകളായി കണക്കാക്കപ്പെടുന്നവർക്ക് 5 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകാനും ബില്ലിൽ വ്യവസ്ഥഉണ്ടായിരുന്നു. ഇതിന്റെ പിന്നിൽ ഗൂഢലക്ഷ്യങ്ങൾ ഉണ്ടെന്നും പണം ലഭിക്കുന്നതിനായി വ്യാജപരാതികൾ ഉയരാനുള്ള സാധ്യതകളുണ്ടെന്നും നിരീക്ഷകർ ചൂണ്ടിക്കാട്ടി. ബിൽ പൂർണമായി ഉപേക്ഷിച്ചതായി സർക്കാർ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഭാവിയിൽ ബിൽ ഭേദഗതി ചെയ്ത് വീണ്ടും അവതരിപ്പിക്കുമോ എന്ന കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുമില്ല.

# MATRIMONIAL

Syrian Christian Pentecostal parents inviting proposal for their son (27 yrs / Dec 1997 / 172 cm) born again, baptized and spirit filled. He is brought up and studied in Mumbai (MTech working as Electrical contractor). Prayerfully seeking alliance from parents of girls God fearing , Spirit filled , proffesionally qualified, preferably born and brought up outside Kerala. Contact us @ Mobile & Whatsapp : 8156856406 / 9323408618

Syrian Christian Pentecostal parents invites proposals for their daughter (29/5'6'/ BE Civil), currently working as Quantity Surveyor in Dubai. Seeking suitable proposals from parents of God fearing, professionaly qualified Pentecostal boys. Ph: 8970011122

Christian Pentecostal parents invite proposals for their daughter (DOB: 25/08/1998, Height:165 cm), God-fearing and currently working as a B.Sc. Nurse with the Ministry of Health, Kuwait. Seeking a spiritually committed and professionally qualified groom, preferably in Kuwait. Kindly respond with complete details and photographs via WhatsApp: +91 9048430513

ഹൈന്ദവ പശ്ചാത്തലത്തിൽ (വിശ്വകർമ്മ) നിന്നും വന്ന പെന്തക്കോസ്ത് യുവാവ് (31, 5'11'), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എഞ്ചിനീറിംഗ്), പ്രഖുഖ സ്ഥാപനത്തിൽ സെയിൽസ് മാനേജരായി ജോലി ചെയ്യുന്നു. രക്ഷിക്കപെട്ട് സ്നാനപെട്ട് നല്ല ആത്മിയ നിലവാരമുള്ള പെന്തക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചകൾ ക്ഷണിക്കുന്നു. ഫോൺ:9061151259/9544811512

Syrian Christian Pentecostal parents invites proposal for their son (27/12/97, 179 cm) BE Mechanical, working as Service Engineer TVS Renault. Seeking alliance from parents of God fearing, Baptised, spirit filled, non-ornamental girls. Contact: 9946637052, 7907880710

Pentecostal parents settled in Bangalore invite proposals for their born-again, baptized, and Spirit-filled daughter (14.10.1999 / 5'2") Master's in Social Work (MSW), deeply committed to her faith, spiritually mature, family-oriented, and active in ministry. Seeking suitable alliance from born-again, baptized, and Holy Spirit-filled, God-fearing, spiritually committed boys with professional qualifications and preferably musically inclined. Call / WhatsApp: +91 94488 50942 , +91 88616 39471

Christian pentecostal (syrian) parents are inviting proposal for their daughter, who is God-fearing, born again, baptized girl (27 / 159 cm / B.Tech, MBA) currently working as Technology Analyst/Functional consultant, MNC project in Europe. Seeking suitable proposals from parents of God fearing, spiritual, and professionally qualified boys preferably abroad. Please respond with photos and details to our whatsapp number Ph: 9567695887, +965 6908 9839

# ലീഡേഴ്സ് കോൺഫ്രൻസ് നടത്തി




**ചേപ്പാട്:** ഐപിസി ആലപ്പുഴ വെസ്റ്റ് ഡിസ്ട്രിക്ടിന്റെ നേതൃത്വത്തിൽ ചേപ്പാട് പ്രത്യാശദീപത്തിൽ സംഘടിപ്പിച്ച "Leader's Conference 2K26' അനുഗ്രഹീതമായി സമാപിച്ചു. രണ്ട് സെഷനുകളിലായി നടന്ന സമ്മേളനത്തിൽ 100ൽ പരം അംഗങ്ങൾ രജിസ്റ്റർ ചെയ്തു.

“പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ” എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ നടന്നു. പ്രധാന പ്രബന്ധം ഡിസ്ട്രിക്ട് അസോസിയേറ്റ് മിനിസ്റ്റർ ഡോ. ഫിലിപ്പ് പി. തോമസ് അവതരിപ്പിച്ചു. തുടർന്ന് പാസ്റ്റർമാരായ റോയി പി. വർക്കി, ഐസക് ജോൺ, ജോയ് തോമസ്, സാജൻ ഈശോപ്ലാച്ചേരി, ജോസ് തോമസ്, ടിജോ തങ്കച്ചൻ, ബ്രദർ സൈമൺ തോമസ്, സഹോദരിമാരായ ആനി തോമസ്, മിനി ജൂബി എന്നിവർ വിവിധ ഉപവിഷയങ്ങൾ കൈകാര്യം ചെയ്തു.ചോദ്യോത്തര വേളയിൽ, വിഷയവുമായി ബന്ധപ്പെട്ട സംശയങ്ങൾ ചർച്ച ചെയ്തു. വിവിധ സെഷനുകൾക്ക് പാസ്റ്റർ മനു വർഗീസ്, പാസ്റ്റർ മാത്യു എബ്രഹാം എന്നിവർ അധ്യക്ഷത വഹിച്ചു.

ശുശ്രൂഷകന്മാർ നിരന്തരമായ വായനാശീലം വളർത്തേണ്ടതിന്റെ ആവശ്യകതയും സമ്മേളനത്തിൽ ചർച്ചയായി. പ്രത്യേകിച്ച് പത്രങ്ങളുടെ എഡിറ്റോറിയൽ ഭാഗങ്ങളും സൺഡേ സപ്ലിമെന്റുകളും വായിച്ച് കാലിക വിഷയങ്ങളെ മനസ്സിലാക്കേണ്ടതിന്റെ പ്രാധാന്യം ഡോ. ഫിലിപ്പ് പി. തോമസ് ചൂണ്ടിക്കാട്ടി.

“നമ്മുടെ ഏറ്റവും ശ്രേഷ്ഠമായത് ഇനിയും വരാനിരിക്കുന്നതേയുള്ളൂ” എന്ന പ്രത്യാശയോടെ, ദൈവം ഓരോരുത്തർക്കും നൽകിയിരിക്കുന്ന കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിച്ച് ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി ഉപയോഗിക്കണമെന്ന ആഹ്വാനവും ഉയർന്നു.

ശുശ്രൂഷകരുടെ മാനസിക സമ്മർദ്ദങ്ങൾ, വിശ്വാസികൾ സഭാ ശുശ്രൂഷകരിൽ നിന്ന് പ്രതീക്ഷിക്കുന്ന കാര്യങ്ങൾ, ആഴ്ചയിൽ ആറു ദിവസവും ജോലി ചെയ്യുന്ന വിശ്വാസികൾക്ക് ഞായറാഴ്ചകളിൽ ലഭിക്കേണ്ട ആത്മീയ ആശ്വാസം, ദൈവവചനത്തിൽ അധിഷ്ഠിതവും പ്രസക്തവുമായ സന്ദേശങ്ങളുടെ ആവശ്യകത, ഭവനസന്ദർശവും പ്രാർത്ഥനാശുശ്രൂഷയും ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത, സഭ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്നിവയും ചർച്ചയായി.

പ്രത്യാശ ദീപം അംഗങ്ങൾ ബ്രദർ സോളമൻ വർഗീസിന്റെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷ നിർവഹിച്ചു. ബ്രദർ കെ. ജോയ് ആശംസ അറിയിച്ചു. ബ്രദർ മാത്യു വർഗീസ്, കാർത്തികപ്പള്ളി നന്ദി പ്രകാശിപ്പിച്ചു. ബ്രദർ വെസ്ലി പി. എബ്രഹാം കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു. പുതിയൊരു ശുശ്രൂഷാ യാത്രയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് സമ്മേളനം സമാപിച്ചു. അടുത്ത ലീഡേഴ്സ് കോൺഫറൻസ് നവംബറിൽ ആലപ്പുഴ എബൻ ഏസർ സഭയിൽ നടക്കും.

# ഐപിസി മിഡ് വെസ്റ്റ് റീജിയൺ കൺവൻഷൻ സമാപിച്ചു



**സാൻ അന്റോണിയോ:** പിശാച് ഒരുക്കുന്ന സാഹചര്യ സമ്മർദ്ദങ്ങളെ വിട്ടോടുവാനും പ്രലോഭനങ്ങളെ നിരാകരിക്കുവാനും ഉള്ള ആത്മീയ പക്വതയാണ് ഇന്നിന്റെ ആവശ്യമെന്ന് പാസ്റ്റർ അനീഷ് ഏലപ്പാറ പ്രസ്താവിച്ചു. സാൻ അന്റോണിയോയിൽ ആരംഭിച്ച ഐപിസി മിഡ് വെസ്റ്റ് റീജിയൺ കോൺഫറൻസിന്റെ പ്രാരംഭ ദിനത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. സാത്താന്യ പദ്ധതികളെ തിരിച്ചറിഞ്ഞ് ആത്മബലത്തിന്റെ പുത്തൻ തലങ്ങളിലേക്ക് ഉയരുവാൻ വിശ്വാസ സമൂഹം തയാറാകണമെന്നും അദ്ദേഹം ഉദ്ബോധി പ്പിച്ചു. വടക്കേ അമേരിക്കയിലെ ഐ.പി.സി. റീജിയണുകളിൽ പ്രമുഖമായ മിഡ് വെസ്റ്റ് റീജിയണിന്റെ വാർഷിക സമ്മേളനം ചരിത്ര നഗരമായ സാൻ അന്റോണിയോയിൽ സെപ്റ്റംബർ 4-ന് റീജിയൺ പ്രസിഡന്റ് റവ. ഷിബു തോമസ് ഉദ്ഘാടനം ചെയ്തു.

സാൻ അന്റോണിയോ ഇന്റർനാഷണൽ ബൈബിൾ ചർച്ച് മന്ദിരമാണ് ഈ വർഷത്തെ സമ്മേളനത്തിന് വേദിയാകുന്നത്. റീജിയൺ വൈസ് പ്രസിഡന്റ് പാസ്റ്റർ ജെയിംസ് പൊന്നോലിൽ അധ്യക്ഷത വഹിച്ച ഉദ്ഘാടന യോഗത്തിൽ പാസ്റ്റർ റെനി ചെറിയാൻ പ്രാരംഭ സന്ദേശം നൽകി. ജോയിന്റ് സെക്രട്ടറി വെസ്ലി മാത്യു സ്വാഗതം ആശംസിച്ചു. സെപ്റ്റംബർ 6 ന് രാവിലെ 9:00 ന് നടന്ന സംയുക്ത ആരാധനയോടും വിശുദ്ധ കർതൃമേശയോടും കൂടെ ഈ വർഷത്തെ കൺവൻഷൻ സമാപിച്ചു.

# ഐ.പി.സി. ഛത്തീസ്ഗഡ് സൗത്ത് സ്റ്റേറ്റിന് പുതിയ ഭരണസമിതി



**തിൽഡ:** ഇന്ത്യൻ പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് ഛത്തീസ്ഗഡ് സൗത്ത് സ്റ്റേറ്റിന്റെ പുതിയ ഭരണസമിതി നിലവിൽ വന്നു. ആഗസ്റ്റ് 19-ന് ഛത്തീസ്ഗഡ് സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സിൽ ചേർന്ന ജനറൽ ബോഡി യോഗത്തിലാണ് പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തത്. പ്രസിഡന്റ്: പാസ്റ്റർ ജിജി പി. പോൾ, വൈസ് പ്രസിഡന്റ്: പാസ്റ്റർ ജോർജ് കുറമൂട്ടിൽ, സെക്രട്ടറി: പാസ്റ്റർ റോയ് ജോസഫ്, ജോയിന്റ് സെക്രട്ടറി: ബ്രദർ അലക്സ് തോമസ്, ട്രഷറർ: ബ്രദർ രാജൻ സാമുവൽ ജനറൽ കൗൺസിലിലേക്ക് പാസ്റ്റർ ജിജി പി. പോളിനെയും ബ്രദർ പി.എം. മാത്യുവിനെയും ജനറൽ ബോഡി ഏകകണ്ഠമായി തിരഞ്ഞെടുത്തു.

# പുതിയ ചുവടുവെപ്പുമായി ഐ.പി.സി മലബാർ കേരള സ്റ്റേറ്റ്

**നിലമ്പൂർ:** മലബാറിലെ സുവിശേഷീകരണ പ്രവർത്തനങ്ങൾ ശക്തവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി ഐ.പി.സി മലബാർ കേരള സ്റ്റേറ്റ് പുതിയതായി 21 ഏരിയകൾ രൂപീകരിച്ചു. 2026 ആഗസ്റ്റ് 25-ന് ചേർന്ന സ്റ്റേറ്റ് കൗൺസിൽ യോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനം. നിലവിൽ മലബാറിൽ ഐ.പി.സിക്ക് 34 സെന്റർ/ഏരിയകളും 513 സഭകളുമുണ്ട്. ''മലബാറിൽ 1,000 സഭകൾ'' എന്നതാണ് ദർശനം. ഐ.പി.സി. സുവിശേഷ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സഭകളുടെ വളർച്ചയ്ക്കുമായി നൂതന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്ന് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജിമ്മി കുര്യാക്കോസ് അറിയിച്ചു.

# പരിശുദ്ധാത്മാവാണ് പെന്തെക്കോസ്തിന്റെ ഐഡന്റിറ്റി: റവ. കെ.സി. ജോൺ



**ഫ്ളോറിഡ:** പരിശുദ്ധാത്മാവാണ് പെന്തെക്കോസ്തിന്റെ ശരിയായ ഐഡന്റിറ്റിയെന്നും ആ അടയാളം തലമുറകളിലേക്ക് കാത്തുസൂക്ഷിക്കപ്പെടണമെന്നും ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡന്റ് റവ. കെ.സി. ജോൺ പ്രസ്താവിച്ചു. വാർഷിക കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സപ്റ്റംബർ 4 ന് ആരംഭിച്ച കൺവൻഷൻ സെപ്റ്റംബർ 8-നാണ് സമാപിച്ചു. റവ. ഡോ. വിൽസൺ വർക്കി, റവ. ഡോ. തോംസൺ കെ. മാത്യു എന്നിവർ മുഖ്യപ്രഭാഷണം നടത്തി. സെപ്റ്റംബർ 6 ന് സംയുക്ത സഭാ ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടന്നു. റീജിയൻ ക്വയർ പ്രെയ്സ് ആന്റ് വർഷിപ്പിന് നേതൃത്വം നൽകി. റീജിയൻ ഭാരവാഹികളായ പാസ്റ്റർ കെ.സി. ജോൺ (പ്രസിഡന്റ്), പാസ്റ്റർ എ.സി. ഉമ്മൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ റോയി വാകത്താനം (സെക്രട്ടറി), നിബു വെള്ളവന്താനം (ജോയിന്റ് സെക്രട്ടറി), ഏബ്രഹാം തോമസ് (ട്രഷറർ) എന്നിവർ നേതൃത്വം നൽകിവരുന്നു.

# സ്വയം സാക്ഷ്യപത്രം ശേഖരിച്ച് സഭകൾ

**മുംബൈ:** മഹാരാഷ്ട്രയിൽ പുതിയ മതംമാറ്റ നിരോധന നിയമം പ്രാബല്യത്തിൽ വരാനിരിക്കെ, മുംബൈ മെട്രോപൊളിറ്റൻ റീജിയണിലെ ക്രൈസ്തവ ആരാധനാലയങ്ങളിൽ ആരാധനയ്ക്കെത്തുന്ന വിശ്വാസികളിൽ നിന്ന് സ്വയം സാക്ഷ്യപത്രം ശേഖരിച്ചു തുടങ്ങി.

ആരുടെയും നിർബന്ധത്തിനോ പ്രലോഭനങ്ങൾക്കോ' വഴങ്ങിയല്ല, സ്വന്തം ഇഷ്ടപ്രകാരമാണ് പ്രാർത്ഥനകളിൽ പങ്കെടുക്കുന്നതെന്ന് വ്യക്തമാക്കുന്ന സമ്മതപത്രങ്ങളാണ് സഭകളിൽ പൂരിപ്പിച്ചു വാങ്ങുന്നത്.

ഭരണകൂടത്തിന്റെയോ പോലീസിന്റെയോ ഭാഗത്തു നിന്ന് ഭാവിയിൽ അന്വേഷണമുണ്ടായാൽ തെളിവായി കാണിക്കുന്നതിനും അക്രമ സംഭവങ്ങളിൽ നിന്ന് സ്വയം സംരക്ഷണം ഉറപ്പാക്കുന്നതിനുമാണ് ഈ നടപടി. കഴിഞ്ഞ ആറുമാസത്തിനിടെ വസായി, വിരാർ, പാൽഘർ, നല്ലസോപാറ, ഭയാന്ദർ തുടങ്ങിയ മേഖലകളിലെ വിവിധ പള്ളികൾക്ക് നേരെ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഭാ നേതൃത്വവും പാസ്റ്റർമാരും ചേർന്നാണ് ഇത്തരമൊരു തീരുമാനമെടുത്തത്.

# റവ. സി.സി.തോമസിന് ഓണററി ഡോക്ടറേറ്റ്



**ചെന്നൈ:** ദൈവശാസ്ത്ര വിദ്യാഭ്യാസം, സഭാസ്ഥാപനം, മിഷൻ പ്രവർത്തനം, യുവജന ശുശ്രൂഷ, സഭാ നേതൃത്വ വികസനം എന്നീ മേഖലകളിൽ മൂന്ന് പതിറ്റാണ്ടിലധികമായി നൽകിയ ശ്രദ്ധേയമായ സംഭാവനകളെ മാനിച്ച് ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻസിന്റെ സൗത്ത് ഏഷ്യാ റീജിയണൽ സൂപ്രണ്ടായ റവ. ചിറയിൽ തോമസ് ചാക്കോയ്ക്ക് ചെന്നൈയിലെ ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

2024 സെപ്റ്റംബറിൽ ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻസിന്റെ സൗത്ത് ഏഷ്യാ റീജിയണൽ സൂപ്രണ്ടായി നിയമിതനായ റവ. തോമസ് ചാക്കോ ഈ സ്ഥാനത്തെത്തുന്ന ആദ്യ ഇന്ത്യൻ/ഏഷ്യൻ വംശജനാണ്. സെനറ്റ് ഓഫ് സെറാംപൂരിൽ നിന്ന് ബാച്ചിലർ ഓഫ് തിയോളജിയും ഫിലിപ്പൈൻസിലെ മനിലയിലുള്ള ഏഷ്യൻ സെമിനാരി ഓഫ് ക്രിസ്ത്യൻ മിനിസ്ട്രീസിൽ മാസ്റ്റർ ബിരുദവും നേടിയ റവ. തോമസ് ചാക്കോ ഇന്ത്യയിലും അമേരിക്കയിലുമായി പാസ്റ്ററായും അധ്യാപകനായും അഡ്മിനിസ്ട്രേറ്ററായും മിഷൻ നേതാവായും വിവിധ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചിട്ടുണ്ട്.

# വേർപാടുകൾ

### സുവിശേഷകൻ അബ്ദുൾ ഹക്കീം



**മഞ്ചേരി:** കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി മഞ്ചേരി കേന്ദ്രമായി ചീീൗഹമഹമാ ങശിശൃ്യേ എന്ന ക്രിസ്തീയ സാഹിത്യ പ്രവർത്തനത്തിന് നേതൃത്വം നൽകി വന്ന ബ്രദറൺ സുവിശേഷകൻ അബ്ദുൾ ഹക്കീം (70) നിത്യതയിൽ പ്രവേശിച്ചു.
സംസ്കാര ശുശ്രൂഷ 2026 ഓഗസ്റ്റ് 31 തിങ്കളാഴ്ച്ച തൃശൂർ കിഴക്കേകോട്ട ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ സഭാങ്കണത്തിൽ നടന്നു. പറവട്ടാനിയിലുള്ള കിഴക്കേകോട്ട സഭാ സെമിത്തേരിയിൽ സംസ്കാരം നടത്തി.

### പാസ്റ്റർ ഇ.ജെ. മാത്യു




**വയനാട്:** നീർവാരം അസംബ്ലിസ് ഓഫ് ഗോഡ് സഭ ശുശ്രൂഷകൻ ഇളയിടത്ത് പാസ്റ്റർ ഇ.ജെ. മാത്യു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ദീർഘനാളുകളായി ചികിത്സയിലായിരുന്നു. സംസ്കാരം ഓഗസ്റ്റ് 31 ന് പുൽപ്പള്ളി കുറിച്ചിപ്പറ്റ എ.ജി. സെമിത്തേരിയിൽ നടത്തി. ഭാര്യ: മേരി മാത്യു. മക്കൾ: പാസ്റ്റർ പ്രിൻസ് മാത്യു, പ്രിയാ അജേഷ്. മരുമക്കൾ: നൈസി പ്രിൻസ്, അജേഷ്.

### തോമസ് കുരിയൻ (സാജു)



**കൊച്ചി:** ദി പെന്തെക്കൊസ്ത് മിഷൻ എറണാകുളം സെന്റർ മുളന്തുരുത്തി സഭാംഗം മാമല ഏലാന്തറ പുത്തൻപുരയിൽ തോമസ് കുര്യൻ (സാജു 65) കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം സെപ്റ്റംബർ 1 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം മാമല സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: ലിസി കൊട്ടാരക്കര കുന്നുവിള കുടുംബാംഗം. മക്കൾ: ഗോഡ്വിൻ, കെസിയ (പൂനൈ). മരുമക്കൾ: റൂഹാ, റോജിൻ രാജു (പൂനൈ).

### ഫിലിപ് തോപ്പിൽ ജോർജ് (ജോ)



**ഡാളസ്:** ഫിലിപ് തോപ്പിൽ ജോർജ് (ജോ-71) ഓഗസ്റ്റ് 31നു ഡാളസിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പരേതരായ ടി.കെ. ജോർജിന്റെയും പെർസിസ് ജോർജിന്റെയും (ഹൈദരാബാദ്) രണ്ടാമത്തെ മകനാണ്. ഭാര്യ: സൂസൻ ജോർജ്. മക്കൾ : ലിസ, ആലിസൺ. മരുമക്കൾ : ജിജോ, ഷെയ്ൻ. കൊച്ചുമക്കൾ: ഏവ, ജെയിംസ്, സഹോദരന്മാർ ഡോ. ടി. സ്റ്റീഫൻ ജോർജ് (പെരുമ്പാവൂർ), പാസ്റ്റർ ജോസഫ് ജോർജ് (ദുബായ്).

### രാജൻ തോമസ്



**പത്തനംതിട്ട:** മുണ്ട്കോട്ടയ്ക്കൽ ഏ ജി സഭാംഗമായ ചെറുകുന്നത്ത് പെനിയേൽ വീട്ടിൽ രാജൻ തോമസ് (68) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
സംസ്ക്കാരം സെപ്റ്റംബർ 7ന് ഏ ജി മുണ്ട്കോട്ടക്കൽ സഭയുടെ നേതൃത്വത്തിൽ ഭവനത്തിൽ നടക്കുന്ന ശുശ്രൂഷക്കുശേഷം തോന്നിയമലയിലെ സഭാ സെമിത്തേരിയിൽ. ഭാര്യ: ഡെയ്സി രാജൻ. മക്കൾ: ആൽബർട്ട്, ക്രിസ്റ്റീന, ആൽഫ്രഡ് . മരുമക്കൾ :ജെന്നി, അനുമോൾ. കൊച്ചുമക്കൾ: നെഹമ്യാവ്, നഥനയേൽ.

### പാസ്റ്റർ കെ.ജി. ശീലാസ്



**ആലപ്പുഴ:** കായംകുളം ഐപിസി എബനേസർ സഭയിലെ ആദ്യകാല വിശ്വാസിയും കമ്പിളികണ്ടം സെന്റർ ശുശ്രൂഷകനുമായ കൊട്ടാരത്തിൽ കോട്ടയിൽ പാസ്റ്റർ കെ.ജി. ശീലാസ് (80) കർത്തൃ സന്നിധിയിൽ. അഞ്ച് പതിറ്റാണ്ടിലേറെ സുവിശേഷ പ്രവർത്തനത്തിൽ വ്യാപൃതനായിരുന്നു. സംസ്കാരം പിന്നീട്.

### മാത്യു തോമസ്



**കടമ്മനിട്ട :** ഐപിസി ചാന്തുകാവ് കർമ്മേൽ സഭാംഗം കല്ലുംപുറത്ത് മാത്യു തോമസിന്റെ (സാബു-52) സെപ്റ്റം. 9 ബുധൻ രാവിലെ 9 ന് കർമ്മേൽ സഭാ ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം 12.30-ന് സഭാ സെമിത്തേരിയിൽ. കെ.എസ്. തോമസിനെയും പരേതയായ അച്ചാമ്മയുടെയും മകനാണ് സാബു. ഭാര്യ: തോന്ന്യാമല പാലയ്ക്കതറയിൽ ജോബി. മക്കൾ: കെസിയ, ഹെബ്സിബ മരുമകൻ: ഗൂഡല്ലൂർ മറ്റെപാടത്ത് അനീഷ് ഏലിയാസ്.

### കെ. ജെ. മാർക്കോസ്



**പെരുമ്പെട്ടി:** പ്രശസ്ത സുവിശേഷ പ്രഭാഷകനും WME സഭകളുടെ ജനറൽ പ്രസിഡന്റുമായ പാസ്റ്റർ ഡോ.ഒ.എം. രാജുക്കുട്ടിയുടെ പിതാവ് പെരുമ്പെട്ടി അത്യാൽ കൊല്ലറേത്ത് കെ. ജെ. മാർക്കോസ് (99) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു WME സഭാംഗമാണ്. സംസ്കാര ശുശ്രൂഷകൾ പിന്നീട്.

# SWARGEEYADWANI
CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 10.09.2026

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 27 | Issue. 17 | RNI. No. KERMAL/2002/09730 | Annual Subscription 200 | Pages 8





ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781


# എനിക്ക് ആ മലനാട് തരിക!

നാൽപ്പത് വർഷം മുമ്പ് ദൈവം ഒരു വാഗ്ദത്തം നൽകി. അന്ന് കാലേബിന്റെ മുടിയിൽ നര വീണിരുന്നില്ല. ശരീരം ക്ഷീണിച്ചിരുന്നില്ല. കണ്ണുകളിൽ സ്വപ്നങ്ങൾ നിറഞ്ഞിരുന്നു. കനാൻദേശത്തിന്റെ അതിരിൽ നിന്ന് അവൻ ഒരു മല കണ്ടുഹെബ്രോൻ. എന്നാൽ ആ മലയുടെ സൗന്ദര്യത്തേക്കാൾ അവിടെ താമസിച്ചിരുന്ന അനാകൃന്മാരുടെ ഭീമാകാരമായിരുന്നു മറ്റുള്ളവരുടെ കണ്ണിൽ നിറഞ്ഞത്. പത്ത് ചാരന്മാർ ഭയത്തിന്റെ ഭാഷ സംസാരിച്ചു. എന്നാൽ കാലേബ് വിശ്വാസത്തിന്റെ ഭാഷ സംസാരിച്ചു. ''നമുക്ക് ഉടനെ ചെന്നു അതിനെ കൈവശമാക്കാം; നാം അതിനെ ജയിക്കും.''

പിന്നീട് വർഷങ്ങൾ കടന്നുപോയി. ഒന്ന്... രണ്ട്... പത്ത്... ഇരുപത്... മുപ്പത്... നാൽപ്പത്. മരുഭൂമിയിലെ മണൽ കാറ്റിൽ പറന്നു. ഒരു തലമുറ കടന്നുപോയി. പുതിയൊരു തലമുറ വളർന്നു. കാലേബിന്റെ ജീവിതത്തിലും കാലം അതിന്റെ അടയാളങ്ങൾ വരച്ചു. മുടി നരച്ചു. ശരീരം പ്രായമായി. എന്നാൽ അവന്റെ ഹൃദയത്തിൽ നാല്പത് വർഷം മുമ്പ് ദൈവം പറഞ്ഞ വാക്ക് ഇപ്പോഴും പുതുമയോടെ നിലനിന്നു.

അങ്ങനെ എൺപത്തഞ്ചാം വയസ്സിൽ അവൻ യോശുവയുടെ മുമ്പിൽ നിന്നു. അവൻ ഭൂതകാലത്തെക്കുറിച്ച് പരാതി പറഞ്ഞില്ല. നഷ്ടപ്പെട്ട വർഷങ്ങളെക്കുറിച്ച് വിലപിച്ചില്ല. പ്രായത്തിന്റെ പരിമിതികളെക്കുറിച്ച് സംസാരിച്ചു നിന്നില്ല. അവൻ ഒരു ആവശ്യം മാത്രം ഉന്നയിച്ചു: ''എനിക്ക് ആ മലനാട് തരിക!'' എത്ര ഗംഭീരമായ വാക്കുകൾ! എൺപത്തഞ്ചാം വയസ്സിൽ വിശ്രമം ചോദിക്കുന്നതിനുപകരം ഒരു മല ചോദിച്ച മനുഷ്യൻ.

ജീവിതത്തിൽ ചില കാത്തിരിപ്പുകൾ വളരെ നീണ്ടുപോകും. ദൈവം പറഞ്ഞത് എപ്പോൾ സംഭവിക്കും എന്ന് അറിയാതെ നാം ദിവസങ്ങൾ എണ്ണും. ചിലപ്പോൾ വർഷങ്ങളും. ആ കാത്തിരിപ്പിന്റെ ഇടയിൽ സംശയങ്ങൾ കടന്നുവരും. ''ദൈവം മറന്നോ?''

''ഇനി അതു സംഭവിക്കുമോ?'' ''എന്റെ സമയം കഴിഞ്ഞുപോയോ?'' കാലേബിന്റെ ജീവിതം ഈ ചോദ്യങ്ങൾക്കുള്ള ഒരു നിശ്ശബ്ദ മറുപടിയാണ്. ദൈവത്തിന്റെ വാഗ്ദത്തത്തിന് മനുഷ്യരുടെ കലണ്ടർ ബാധകമല്ല. നാൽപ്പത് വർഷം ദൈവത്തിന്റെ വാഗ്ദത്തത്തെ പഴിച്ചില്ല. മറിച്ച്, കാത്തിരിപ്പിന്റെ തീയിൽ അതിനെ കൂടുതൽ ശുദ്ധമാക്കി. യഥാർത്ഥ വിശ്വാസം എന്നത് വാഗ്ദത്തം ലഭിച്ച നിമിഷത്തിലെ ആവേശമല്ല. വാഗ്ദത്തം വൈകിയാലും അതിൽ ഉറച്ചുനിൽക്കാനുള്ള കൃപയാണ്.

കാലേബിന്റെ ശരീരത്തിന് എൺപത്തഞ്ച് വയസ്സായിരുന്നു. എന്നാൽ അവന്റെ ദർശനത്തിന് പ്രായമായിരുന്നില്ല. ''ഞാൻ അന്നു ഉണ്ടായിരുന്നപോലെ ഇന്നും ബലവാനാണ്'' എന്ന് അവൻ പറഞ്ഞു. അവൻ തന്റെ പേശികളുടെ ശക്തിയെക്കുറിച്ചുമാത്രമല്ല സംസാരിച്ചത്. ദൈവത്തിൽ ആശ്രയിക്കുന്ന ഒരു ഹൃദയത്തിന്റെ ശക്തിയെക്കുറിച്ചായിരുന്നു അവന്റെ പ്രഖ്യാപനം. പ്രായം ശരീരത്തെ തളർത്താം; പക്ഷേ വിശ്വാസത്തെ തളർത്തേണ്ടതില്ല.

കാലം മുഖത്ത് ചുളിവുകൾ വരയ്ക്കാം; പക്ഷേ ദർശനത്തിൽ ചുളിവുകൾ വരുത്തേണ്ടതില്ല. വർഷങ്ങൾ നമ്മുടെ ചുവടുകളുടെ വേഗം കുറച്ചേക്കാം; എന്നാൽ ദൈവം നൽകിയ വിളിയുടെ ദിശ മാറ്റേണ്ടതില്ല. ഇന്നത്തെ ലോകം പലപ്പോഴും നമ്മോട് പറയുന്നത്, ''ഇനി വിശ്രമിക്കാം'' എന്നാണ്. എന്നാൽ കാലേബിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു: ദൈവവിളിക്ക് വിരമിക്കൽ പ്രായമില്ല. ദൈവത്തിനായി ചെയ്യാനുള്ളത് പൂർത്തിയാകുന്നതുവരെ ജീവിതത്തിന് ഒരു ദൗത്യമുണ്ട്.

കാലേബിന് വേണമെങ്കിൽ എളുപ്പമുള്ള ഒരു പ്രദേശം തിരഞ്ഞെടുക്കാമായിരുന്നു. എന്നാൽ അവൻ ചോദിച്ചത് മലനാടായിരുന്നു. അവിടെ അനാകൃന്മാരുണ്ടായിരുന്നു. കോട്ടകളുള്ള നഗരങ്ങളുണ്ടായിരുന്നു. കീഴടക്കേണ്ട വെല്ലുവിളികളുണ്ടായിരുന്നു. അവൻ ചോദിച്ചത് സൗകര്യമല്ല, ദൗത്യമാണ്. ഇതാണ് കാലേബിന്റെ വിശ്വാസത്തിന്റെ ഏറ്റവും മനോഹരമായ വശം. വിശ്വാസം എല്ലായ്പ്പോഴും പ്രശ്നങ്ങളില്ലാത്ത ജീവിതം നൽകുന്നില്ല. ചിലപ്പോൾ അത് പ്രശ്നങ്ങളെ നേരിടാനുള്ള ധൈര്യം നൽകുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കണമെങ്കിൽ ആദ്യം എല്ലാ മലകളും നീക്കണമെന്നില്ല; ചില മലകൾ കയറാനുള്ള ശക്തിയാണ് അവൻ നൽകുന്നത്. കാലേബിന്റെ കണ്ണുകളിൽ മല ഒരു തടസ്സമായിരുന്നില്ല. അത് ഒരു അവസരമായിരുന്നു. മറ്റുള്ളവർക്ക് ഭയം തോന്നിയ സ്ഥലത്ത് കാലേബ് ദൈവത്തിന്റെ വിശ്വസ്തത കണ്ടു.

ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ഒരു ''മല'' ഉണ്ടാകും. ഒരാൾക്ക് അത് വർഷങ്ങളായി ഉത്തരം കിട്ടാത്ത പ്രാർത്ഥനയായിരിക്കാം. മറ്റൊരാൾക്ക് അത് കുടുംബത്തിലെ ഒരു പ്രശ്നമായിരിക്കാം. മറ്റൊരാൾക്ക് അത് പൂർത്തിയാകാതെ കിടക്കുന്ന ഒരു ദൗത്യമായിരിക്കാം.

ചിലർക്ക് അത് ശുശ്രൂഷയാണ്. ചിലർക്ക് മിഷൻ വിളിയാണ്. മറ്റൊരാൾക്ക് നഷ്ടപ്പെട്ട പ്രത്യാശ തിരിച്ചുപിടിക്കാനുള്ള പോരാട്ടം. നമ്മുടെ മുന്നിലെ മലയുടെ വലിപ്പം കണ്ട് നാം ഭയപ്പെട്ടേക്കാം. എന്നാൽ കാലേബ് നമ്മെ പഠിപ്പിക്കുന്നത് ഒരു വലിയ രഹസ്യമാണ്: മലയുടെ വലിപ്പം നോക്കി ദൈവത്തിന്റെ ശക്തി അളക്കരുത്. നമ്മുടെ കഴിവിനെക്കാൾ വലിയ ദൗത്യം ദൈവം നമ്മെ ഏൽപ്പിച്ചേക്കാം. നമ്മുടെ ശക്തിക്ക് അതീതമായ ഒരു മല അവൻ നമ്മുടെ മുമ്പിൽ നിർത്തിയേക്കാം. പക്ഷേ അവൻ വിളിച്ചിടത്ത് അവന്റെ സാന്നിധ്യവും ഉണ്ടായിരിക്കും.

മലയുടെ മറുവശത്ത് അനുഗ്രഹമുണ്ടെങ്കിൽ, മല കയറുന്നതും അനുഗ്രഹത്തിന്റെ ഭാഗമാണ്. ജീവിതത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ നമ്മിൽ പലരും ഈ വാക്ക് പറഞ്ഞിട്ടുണ്ടാകും: ''ഇനി എന്റെ സമയം കഴിഞ്ഞു.'' കാലേബിന്റെ ജീവിതം അതിനുള്ള ദൈവിക മറുപടിയാണ്. എൺപത്തഞ്ചാം വയസ്സിൽ അവൻ തന്റെ ജീവിതത്തിലെ ഒരു പുതിയ അധ്യായത്തിലേക്ക് നടന്നു. അവന്റെ മികച്ച ദിവസങ്ങൾ പിന്നിലായിരുന്നില്ല.അവന്റെ ഏറ്റവും വലിയ വിജയം ഇപ്പോഴും മുന്നിലായിരുന്നു. അതുകൊണ്ട് കഴിഞ്ഞകാലത്തിന്റെ നഷ്ടങ്ങൾ എണ്ണി ഭാവിയെ അടച്ചുപൂട്ടരുത്.

കഴിഞ്ഞുപോയ വർഷങ്ങൾ തിരികെ വരില്ല. എന്നാൽ ദൈവത്തിന്റെ കയ്യിലുള്ള ശേഷിക്കുന്ന വർഷങ്ങൾ ഇപ്പോഴും ഉപയോഗിക്കപ്പെടാം. ഒരു പ്രാർത്ഥനയ്ക്ക് ഇനിയും ഉത്തരം ലഭിക്കാം. ഒരു സ്വപ്നം ഇനിയും പൂവണിയാം. ഒരു ശുശ്രൂഷ ഇനിയും അനേകരെ അനുഗ്രഹിക്കാം.

ഒരു ജീവിതം ഇനിയും ഒരു തലമുറയെ സ്വാധീനിക്കാം. ദൈവത്തിൽ വിശ്വസിക്കുന്ന ഒരാളുടെ കഥയ്ക്ക് ''ഇനി ഒന്നുമില്ല'' എന്ന അവസാനവരി വളരെ നേരത്തെ എഴുതരുത്.

കാലേബിന്റെ വിശ്വാസം അനാകൃന്മാരെ അപ്രത്യക്ഷരാക്കിയില്ല. കോട്ടകൾ ഇടിഞ്ഞുവീഴുന്നതിന് മുമ്പ് അവൻ മല കയറേണ്ടിവന്നു. ദൈവം വാഗ്ദാനം ചെയ്തതുകൊണ്ട് പോരാട്ടം ഒഴിവായില്ല. പക്ഷേ പോരാട്ടത്തിന്റെ നടുവിൽ അവൻ ഒറ്റയ്ക്കായിരുന്നില്ല. ''യഹോവ എന്നോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് ഞാൻ അതിനെ നീക്കിക്കളയും'' എന്ന ഉറപ്പായിരുന്നു അവന്റെ ശക്തി. ഇതാണ് വിശ്വാസത്തിന്റെ സൗന്ദര്യം. വിശ്വാസം പറയുന്നത്, ''എന്റെ മുമ്പിൽ പ്രശ്നങ്ങളില്ല'' എന്നല്ല. വിശ്വാസം പറയുന്നത്, ''പ്രശ്നങ്ങൾ ഉണ്ടെങ്കിലും ദൈവം എന്നോടുകൂടെ ഉണ്ട്'' എന്നാണ്.

ഒരുപക്ഷേ ഇന്ന് നിങ്ങൾ നിങ്ങളുടെ ജീവിതത്തെ നോക്കി ചിന്തിക്കുന്നുണ്ടാകാം: ''ഇത്രയും വർഷം കഴിഞ്ഞല്ലോ...'' ''ഇനി എന്ത് ചെയ്യാൻ കഴിയും?'' ''ഇനി എന്റെ പ്രായത്തിൽ എന്താണ് സാധിക്കുക?'' അങ്ങനെയെങ്കിൽ കാലേബിനെ ഓർക്കുക. നരച്ച തലമുടിയോടെ ഒരു മലയുടെ മുമ്പിൽ നിന്ന മനുഷ്യനെ.

നാൽപ്പത് വർഷത്തെ കാത്തിരിപ്പിന് ശേഷവും ദൈവവാഗ്ദത്തം മറക്കാത്ത മനുഷ്യനെ. മറ്റുള്ളവർ ഒഴിവാക്കിയ സ്ഥലത്തേക്ക് വിശ്വാസത്തോടെ നടന്ന മനുഷ്യനെ. എൺപത്തഞ്ചാം വയസ്സിലും ''എനിക്ക് ആ മലനാട് തരിക'' എന്ന് പറഞ്ഞ മനുഷ്യനെ. ഒരുപക്ഷേ നിങ്ങളുടെ ജീവിതത്തിലും ഇനിയും ഒരു മല കയറാനുണ്ട്. ഒരുപക്ഷേ ദൈവം നിങ്ങൾക്കായി സൂക്ഷിച്ചിരിക്കുന്ന ഏറ്റവും മനോഹരമായ അധ്യായം ഇനിയും എഴുതപ്പെട്ടിട്ടില്ല.

അതുകൊണ്ട് ഭയപ്പെടേണ്ട. കാത്തിരിപ്പിൽ തളരേണ്ട. പ്രായം ചൂണ്ടിക്കാട്ടി പിന്മാറേണ്ട. മറ്റുള്ളവരുടെ ''കഴിയില്ല'' എന്ന വാക്ക് കേട്ട് ദൈവത്തിന്റെ ''കഴിയും'' മറക്കേണ്ട. ഇന്നും വിശ്വാസത്തോടെ പറയാം: സൗകര്യത്തിന്റെ സമതലങ്ങളേക്കാൾ ദൈവത്തിന്റെ വിളിയുള്ള മലകൾ തിരഞ്ഞെടുക്കാം.

കാരണം, ചരിത്രം പലപ്പോഴും സമതലങ്ങളിൽ വിശ്രമിച്ചവർ എഴുതിയതല്ല; വിശ്വാസത്തോടെ മല കയറിയവരാണ് എഴുതിയത്. നമ്മുടെ ജീവിതത്തിന്റെ ഏറ്റവും മനോഹരമായ അധ്യായം ഒരുപക്ഷേ പിന്നിലല്ല. ദൈവത്തിൽ വിശ്വസിച്ചാൽഅത് ഇപ്പോഴും മുന്നിലായിരിക്കാം.





**TEACHERS REQUIRED**

**Qualified and Experienced Christian Teachers**

Fluent in English (PGT,TGT) can apply for subjects Geography, History, English, Physics, Chemistry, Accountancy, Economics, Business Studies and Music.
Salary will be on the basis of Experience/Work.
Accommodation will be provided by School.(Preference for families)



Send your Resume to whatapp no.
**Tonk Branch 9414201347 or 8949520398,**
**Deoli Branch: 9680862927**
or send it to our E-Mail ID







Contact us on: 9414201347 8949520398
Visit us on our website WWW.EMMANUELSCHOOLTONK.COM
E-Mail ID : tonkemmanuel@gmail.com
EMMANUEL SR. SEC. SCHOOL TONK (RAJ) 304001


# ബഥേൽ ബൈബിൾ കോളജ് ശതാബ്ദി സമ്മേളനം




**പുനലൂർ:** ഇന്ത്യയിലെ വേദശാസ്ത്ര വിദ്യാഭ്യാസ രംഗത്ത് നൂറു വർഷത്തെ പാരമ്പര്യം പൂർത്തിയാക്കുന്ന ബഥേൽ ബൈബിൾ കോളേജിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് 2026 സെപ്റ്റംബർ 26 ശനിയാഴ്ച രാവിലെ 9.30-ന് തുടക്കമാകും. ബഥേൽ ബൈബിൾ കോളേജ് ക്യാമ്പസിൽ നടക്കുന്ന ശതാബ്ദി സമ്മേളനം റവ. ഡോ. ടി.ജെ. സാമുവൽ ഉദ്ഘാടനം ചെയ്യും.
1927-ൽ സ്ഥാപിതമായ ബഥേൽ ബൈബിൾ കോളേജ് സെനറ്റ് ഓഫ് സെറാമ്പൂർ (യൂണിവേഴ്സിറ്റി) അംഗീകാരമുണ്ട്.

''ക്രിസ്തുവിനെ അറിയുവാനും ക്രിസ്തുവിനെ അറിയിക്കുവാനും'' (To Know Christ and Make Him Known) എന്ന ആപ്തവാക്യം മുൻനിർത്തി പ്രവർത്തിക്കുന്ന കോളേജ്, കഴിഞ്ഞ നൂറുവർഷത്തിനിടെ ഇന്ത്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സുവിശേഷ ദൗത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ നിരവധി ശുശ്രൂഷകരെ പരിശീലിപ്പിച്ചിട്ടുണ്ട്.

കോളേജ് ക്യാമ്പസിലെ വിവിധ വികസന പദ്ധതികൾക്കും അന്നേദിവസം തുടക്കം കുറിക്കും. ശതാബ്ദി ഉദ്ഘാടന സമ്മേളനത്തിനായുള്ള വിപുലമായ ഒരുക്കങ്ങൾ പുരോഗമിച്ചു വരുന്നതായി കോളേജ് പ്രസിഡന്റ് റവ. ഡോ. ഐസക്ക് വി. ചെറിയാനും പ്രിൻസിപ്പൽ റവ. ഡോ. ജയിംസ് ജോർജും അറിയിച്ചു.


Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon